# ഭാഷാമാഘം

T61
S58

കെ. ശങ്കരവാരിയർ.

# ഭാഷാമാഘം

പരിഭാഷകൻ

കെ. ശങ്കരവാരിയർ

T61
S.58

പ്രസാധകൻ

കെ. ആർ. ജി. മേനോൻ

ബി. വി. ബുക്ക്ഡിപ്പോ, തിരുവനന്തപുരം.

DHARMARAM COLLEGE LIBRARY, BANGALORE. 3960
B.V. BOOK DEPOT TRIVANDRUM CANCELLED.
CANCELLED
P23

[പകർപ്പവകാശം]

1113] [വില 12 ണ.

ബി. വി. ബുക്കുഡിപ്പോവിൻേറയും പരിഭാഷകൻേറയും മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

ഒന്നാംപതിപ്പ്

1113

ബി. വി. ബുക്കഡിപ്പോ & പ്രിൻറിംഗ്‌വർക്ക്സ്,

തിരുവനന്തപുരം.

ബ്രാഞ്ച് — തൃശ്ശിവപേരൂർ.

# മുഖവുര.

ശ്രീമൽ കേരളവമ്മസൂൎയ്യോദയം കൈരളിയുടെ ഭാഗ്യോദയംതന്നെ ആയിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിസ്പർശം ഇല്ലെന്നുള്ളതു് സ്പഷ്ടമാണല്ലോ. ഇപ്പോൾ നാം അവളിൽ കാണുന്ന സർവ്വവിധഗുണസമ്പത്തിനും ഹേതുഭൂതനായിരുന്ന ആ മഹാപുരുഷൻെറ പാവനമായ യശസ്സ് മലയാളഭാഷ ഉള്ള കാലംവരെ നിലനിൽക്കുമെന്നുള്ളതും നിസ്തൎക്കമാണു്. ആജീവനാന്തം നമ്മുടെ ഭാഷക്കുവേണ്ടി ഇപ്രകാരം അശ്രാന്തപരിശ്രമം ചെയ്തുപോന്ന ആ പുണ്യപുമാനെ സാഷ്ടാംഗപ്രണാമംചെയ്തുംകൊണ്ടു് ഈ ചെറിയ പുസ്തകത്തെ സംബന്ധിച്ചു് ചിലതൊക്കെ പറയാമെന്നു് വിചാരിക്കുന്നു.

സംസ്കൃതത്തിൽനിന്നും പരിവൎത്തനം ചെയ്തു് നമുക്കു ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടവയാണല്ലോ കുമാരസംഭവം, രഘുവംശം മുതലായ ഭാഷാകാവ്യങ്ങൾ. ഈ കൂട്ടത്തിൽ ഇനി വരേണ്ടതു് കാവ്യങ്ങളിൽ പ്രാധാന്യമേറിയവയെന്നു് വിചാരിച്ചുപോരുന്ന മാഘം, നൈഷധം, ഇവയുടെ ഭാഷാന്തരങ്ങളാണു്.

കാവ്യേഷു മാഘഃ എന്ന പഞ്ചാക്ഷരംകൊണ്ടുതന്നെ അതിൻെറ മഹത്വം നമുക്കു് ഊഹിക്കാൻ കഴിയുമെങ്കിലും അല്പംകൂടി വിശദമായ ഒരു പണ്ഡിതാഭിപ്രായവും താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

യേ ശബ്ദാൎത്ഥപരീക്ഷണപ്രണയിതോ യേവാ
ഗുണാലംക്രിയാ
ശിക്ഷാ കൗതുകിനോ വിഹൎത്തുമനസോ യേച
ധ്വനേരധ്വനി.
ക്ഷുഭ്യൽഭാവതരംഗിതേ രസസുധാസിന്ധൗ
മിമംക്ഷന്തിയേ
തോഷാമേഷകൃതേഃ കരോതി വിവൃതിം മാഘസ്യ
സർവം കഷാം.

ശബ്ദാൎത്ഥപരീക്ഷയിൽ താല്പൎയ്യമുള്ളവൎക്കും ശബ്ദശുദ്ധി, അലംകാരം, വ്യാകരണം ഇവയിൽ കൗതുകമുള്ളവൎക്കും ധ്വനി, ഭാവം ഇവയിൽ രസം തോന്നുന്നവൎക്കും മാഘൻെറ പ്രസ്തുതഗ്രന്ഥംകൊണ്ടു് തൃപ്തരാകാൻ കഴിയും എന്നാണു് ഈ പദ്യംകൊണ്ടു് സൂചിപ്പിച്ചിരിക്കുന്നതു്.

നമ്മുടെ പൂൎവ്വന്മാരാൽ ഇപ്രകാരമെല്ലാം കൊണ്ടാടപ്പെട്ടുന്ന ആ കാവ്യത്തിൻെറ ഒരംശമെങ്കിലും ഭാഷപ്പെട്ടുത്തി കൈരളിക്കു് സമൎപ്പിച്ചാൽ കൊള്ളാമെന്നു് വളരെ മുമ്പുതന്നെ എനിക്കുണ്ടായ ആഗ്രഹത്തിൻെറ ഫലമാണു് പ്രസ്തുത പുസ്തകം. ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ആദ്യത്തെ അഞ്ചു സർഗ്ഗങ്ങൾ എഴുതിതീൎന്നിട്ടു് ഏതാണ്ടു് ഇരുപതു കൊല്ലം കഴിഞ്ഞു എന്നു പറയാം. ചില ഭാഗങ്ങളെല്ലാം അക്കാലത്തെ കവനകൗമുദിയിൽ പ്രസിദ്ധം ചെയ്തിട്ടുമുണ്ടു്.

എൻെറ തിരുവനന്തപുരത്തെ താമസത്തിനിടയിലാണു് ആദ്യത്തെ മൂന്നു സൎഗ്ഗങ്ങൾ ഭാഷപ്പെട്ടുത്തിയതു്.

അക്കാലത്തു് ചിലപ്പോഴൊക്കെ വിദ്വാൻ കുലോത്തംസമായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സിലെ ചെന്നു് മുഖം കാണിക്കുക പതിവുണ്ടായിരുന്നു. ആശ്രിതവത്സലനായ ആ തിരുമേനി ചില സമയം ഇതിലെ ചില പദ്യങ്ങൾ സശ്രദ്ധം കേൾക്കുകയും മാററേണ്ട ഭാഗങ്ങൾ ചൂണ്ടികാണിച്ചു് ഉപദേശിച്ചു തരികയും ചെയ്തിരുന്നു. രണ്ടാംസർഗ്ഗം തീൎന്നപ്പോൾ ഒരു പുഞ്ചിരിയോടുകൂടി ആ തിരുമേനി കല്പിച്ച അനുഗ്രഹസൂചകമായ വാക്കുകൾ ഇന്നും എന്നെ കൃതാൎത്ഥനാക്കി തീൎക്കുന്നു എന്ന വൃത്താന്തം ഇപ്പോഴെങ്കിലും തുറന്നു പറയാതിരുന്നാൽ ഞാൻ ഒരു കൃതഘ്നനായി തീരുകയില്ലയോ എന്നു് സംശയിക്കുന്നു. മഹാകവിയായ കുമാരനാശാൻ അവർകൾ അഭിപ്രായപ്പെട്ടതു് "തർജ്ജമ ഇതേവിധം തുടൎന്നാൽ മതി. എന്നാൽ കഥാബന്ധത്തിനു് ഹാനിതട്ടാതെ ഓരോ സർഗ്ഗത്തിൽനിന്നും നല്ലതെന്നു തോന്നുന്ന ഏതാനും പദ്യങ്ങൾ ഭാഷാന്തരംചെയ്തു് അവസാനിപ്പിക്കുന്നതു് നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു" എന്നാണു്. ഇതിനെ തുടൎന്നു് ശേഷംകൂടി ഭാഷപ്പെടുത്താൻ ഇടവരികയാണെങ്കിൽ അപ്രകാരം ചെയ്താൽ കൊള്ളാമെന്നാണു് ഞാനും വിചാരിക്കുന്നതു്. എന്നാൽ ഈ അഞ്ചു സൎഗ്ഗത്തിന്റെ പ്രസിദ്ധീകരണംകൊണ്ടുതന്നെ പൊതുജനങ്ങൾക്കു് ഇതിലുള്ള അഭിരുചിയും ആവശ്യവും എത്രമാത്രമുണ്ടെന്നു് മനസ്സിലാക്കാൻ കഴിയുന്നതാണല്ലോ.

മററാരെങ്കിലും ഇതിലേക്കു് പുറപ്പെടുന്നപക്ഷം ഞാൻ അവൎക്കു് ഒരു് ദുൎഗ്ഗമനമായി തീരേണ്ട എന്നു കരുതിയും

എനിക്കു തന്നെ ഇടക്കിടക്ക് നേരിട്ടുകൊണ്ടിരുന്ന പലവിധമായ അസൌകര്യങ്ങളാലും ഇതേവരെ ഈ തജ്ജമ പ്രസിദ്ധപ്പെടുത്തിയില്ലെന്നേ ഉള്ളു.

ഇരുപത് വഷങ്ങൾക്കിപ്പുറം കേരളാംഗനമാരുടെ അലങ്കാരാദികളിൽ വന്നിട്ടുള്ള മാററം പോലെ കവിതാരീതിയിലും വ്യത്യാസം ഉണ്ടായിരിക്കെ അക്കാലത്തെഴുതിവച്ചിരുന്ന പദ്യങ്ങൾ ഇപ്പോൾ എത്രമാത്രം സ്വീകാൎയ്യമായിരിക്കുമെന്നുള്ളതും കണ്ടറിയേണ്ടതാണ്.

ഈ തജ്ജമ വൃത്താനുവൃത്തമോ പദാനുപദമോ ആയിട്ടുള്ളതല്ല; മൂലശ്ലോകത്തിലെ അത്ഥം കഴിയുന്നത്ര വെളിവാക്കാൻ നോക്കീട്ടുണ്ട് എന്നേ ഉള്ളു. അതു് എത്രത്തോളം സാധിച്ചിട്ടുണ്ടെന്നുള്ള കാൎയ്യം അഭിജ്ഞന്മാൎക്കേ അറിഞ്ഞുകൂടൂ.

ഇതിൽ ന്നാം സഗ്ഗവും അഞ്ചാം സഗ്ഗവും ഒരേ വൃത്തത്തിൽ തന്നെ കാണുന്നതിൽ അല്പകാരണം ഇല്ലാതില്ല. ഒന്നാം സഗ്ഗം വസന്തതിലകം വൃത്തത്തിൽ എഴുതിത്തീത്തിരിക്കെ ചില സ്നേഹിതന്മാരുടെ നിർബന്ധപ്രകാരം വൃത്താനുവൃത്തതജ്ജമ പരീക്ഷിച്ചുനോക്കിയതിൻെറ ഫലമായി അഞ്ചാം സഗ്ഗം കൂടി വസന്തതിലകം ആക്കേണ്ടിവന്നു.

ഇതിനും പുറമേ ഒരു പദ്യം മൂലശ്ലോകത്തിലെ ശൈലിയിൽ തന്നെ ഭാഷാന്തരം ചെയ്തതുമാത്രമല്ല വേറെ പല പദ്യങ്ങളിലേയും ശൃംഗാരരസം നേത്തമുണ്ടുകൊണ്ടെന്നപോലെ അല്പാല്പം മറച്ചിട്ടുമുണ്ട്. പരിഭാഷയിൽ ഞാൻ വല്ല

സ്വാതന്ത്ര്യവും കാണിച്ചിട്ടുണ്ടെങ്കിൽ അതു് ഒരു പദ്യത്തിലെ ശ്ലേഷാത്ഥം തീരെ വിട്ടുകളഞ്ഞതു മാത്രമാണു്. മറെറല്ലാ പദ്യങ്ങളുടേയും ശ്ലേഷാത്ഥങ്ങൾ ശരിയായി സിദ്ധിക്കുന്നതിനു് കഴിയുന്നതു ശ്രമിച്ചിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ മലയാള പദങ്ങളുടെ അഭാവം നിമിത്തം മൂലഗ്രന്ഥത്തിലെ പദങ്ങൾതന്നെ ഉദ്ധരിക്കേണ്ടിവന്നു എന്നുള്ളതും വായനക്കാരെ അറിയിച്ചുകൊള്ളുട്ടെ. സൎഗ്ഗാന്ത്യശ്ലോകങ്ങളിൽ ശ്രീപദം ചേൎക്കുക എന്നുള്ള മാഘകവിയുടെ നിഷ്ഠയും മിക്കവാറും അനുവൎത്തിക്കാൻ ശ്രമിച്ചിട്ടുണ്ടു്.

കാളിദാസാദി മഹാകവികളുടെ ജീവചരിത്രം എന്നപോലെതന്നെ മാഘൻെറ ചരിത്രവും നമുക്കജ്ഞാതമായി തീൎന്നിരിക്കുന്നു. എങ്കിലും ഈ ഗ്രന്ഥത്തിൻെറ ഒടുവിൽ കാണുന്ന നാലഞ്ചു പദ്യങ്ങൾകൊണ്ടു് അദ്ദേഹം ഒരു ബ്രാഹ്മണവംശജനായിരുന്നു എന്നു് വ്യക്തമാകുന്നു. ദാരിദ്ര്യദേവതയുടെ പീഡകൊണ്ടു് ആ ദേശത്തിലെ രാജാവിനു് ഈ ഗ്രന്ഥം അടിയറവെച്ചു് എന്തെങ്കിലും നിവൃത്തിനേടാമെന്നു കരുതി ഭാൎയ്യാസഹിതനായി പുറപ്പെട്ട ഈ മഹാൻ മാൎഗ്ഗമദ്ധ്യേ ദിവംഗതനായെന്നും മററും കേൾക്കുന്ന ഐതിഹ്യങ്ങൾ വിശ്വാസയോഗ്യങ്ങളാണോ എന്നു് രൂപമില്ല. സമ്പൽസ്ഥിതിയും മററും എങ്ങനെ ഒക്കെ ഇരുന്നാലും പുരാണകവികളുടെ കൂട്ടത്തിൽ ഈ ബ്രഹ്മർഷിക്കും ഒരു മാന്യസ്ഥാനം ലഭിച്ചു എന്നുള്ളതു് തൎക്കമെററ സംഗതിയാണു്. സകലവിധ ശാസ്ത്രങ്ങളിലും എന്തെന്നില്ലാത്ത പാണ്ഡിത്യവും വാഗ്ദേവതാസ്വാധീനവും അതിൽ കവിഞ്ഞ ലോകപരിചയവും അസാമാന്യമായ തത്വോപദേശപടുത്വവും

ഈ മഹാനുഭാവന്ന് ഉണ്ടായിരുന്ന എന്നുള്ളതിന്ന് അദ്ദേഹത്തിൻെറ കാവ്യം തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്.

ഇതിലെ കഥാവസ്തുവായ ശിശുപാലവധം പുരാണപ്രസിദ്ധമാകയാൽ ചവ്വിതചവ്വണം ചെയ്യേണമെന്ന് വിചാരിക്കുന്നില്ല. ആദ്യത്തെ അഞ്ചു സൎഗ്ഗംകൊണ്ട് ഭഗവന്നാരദസംഭാഷണം, ഉദ്ധവരുമായുള്ള കൂടിആലോചന, ഇന്ദ്രപ്രസ്ഥയാത്ര, രൈവതക ദർശനവും വർണ്ണനയും, ആ പർവതത്തിൽ സേനാനിവേശം ചെയ്യുന്നതു് ഇത്രയും കഥാഭാഗമാണു് കവി സാധിച്ചിട്ടുള്ളതു്.

കഥാഗതി വളരെ മന്ദമാണെങ്കിലും ഇതിനിടയ്ക്കു നമുക്ക് എത്രമാത്രം തത്വോപദേശം ചെയ്യുന്നു, സിനിമായിൽ എന്നപോലെ ഏതെല്ലാം വിധത്തിലുള്ള എത്രപാത്രങ്ങളെ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തി തരുന്നു എന്നും മററും ആലോചിക്കുമ്പോളാണു് മാഘത്തിൻെറ മാഹാത്മ്യം മനസ്സിലാകുന്നതു്. ക്ഷമാപൂർവം മനസ്സിരുത്തി വായിച്ചു് ആലോചിച്ചു രസിക്കത്തക്ക അനേകം പദ്യങ്ങൾ മാഘകൃതിയിൽ കാണാവുന്നതാണു്.

ഇത്ര ഗംഭീരമായ ഈ കാവ്യം തർജ്ജമചെയ്യാൻ ആലോചിച്ചതുതന്നെ സാഹസമായിപ്പോയെന്ന് എനിക്കു പലപ്പോഴും തോന്നാതിരുന്നില്ല. എൻെറ ശേഷിക്കുറവു കൊണ്ടു് ഭാഷാന്തരം ചെയ്തതിൽ പലേ ന്യൂനതകളും കണ്ടു എന്നും വരാം. ആ വക കുറവുകളെ മഹത്തുക്കൾ ചൂണ്ടിക്കാണിച്ചുതന്നു തിരുത്തിച്ചും നിസ്സാരങ്ങളായവയെ ക്ഷമിച്ചും എന്നെ അനുഗ്രഹിക്കണമെന്നുള്ള പ്രാൎത്ഥനയോടുകൂടി

ഈ ചെറിയ ശിശുവിനെ സജ്ജനസമക്ഷം സമപ്പിച്ചു കൊള്ളുന്നു.

ഇതു മുഴുവനും വായിച്ചു് നോക്കി ഒരു അഭിപ്രായം എഴുതിതന്ന പണ്ഡിതവയ്യനായ ശ്രീമാൻ വി. കൃഷ്ണൻ തമ്പി അവർകളോടു് എനിക്കുള്ള കൃതജ്ഞതയെ സാദരം രേഖപ്പെടുത്തികൊള്ളുകയും ചെയ്യുന്നു.

എന്നു്

പരിഭാഷകൻ

പണ്ഡിതശ്രേഷ്ഠനായ

വി. കൃഷ്ണൻതമ്പി അവർകളുടെ

# അഭിപ്രായം

വളരെക്കാലം മുതൽക്കേ കേരളീയരായ സഹൃദയന്മാക്കും കൈരളീസാഹിത്യകാരന്മാക്കും ആഹ്ലാദവും സംസ്കാരവും നൽകിവന്നിട്ടുള്ളവയാണു് മാഘം, നൈഷധം മുതലായ മഹാകാവ്യങ്ങൾ—സംസ്കൃതഭാഷതന്നെ എല്ലാവക്കും അഭ്യസിക്കാൻ ഇനിയുള്ളകാലങ്ങളിൽ സൗകര്യം ലഭിക്കുക പ്രയാസമാകകൊണ്ടു് കൈരളിക്കു് അവശ്യം വേണ്ടതായ സമ്പത്തായിട്ടും മേലും കേരളകവികൾക്കു് അത്യാവശ്യമായ സംസ്കാരസാമഗ്രിആയിട്ടും ഈ കൃതികളുടെ തർജ്ജമകൾ ഭാഷയിൽ തീർച്ചയായും വരേണ്ടിയിരിക്കുന്നു. ശ്രീമാൻ വാര്യർ അവർകളുടെ മാഘതജ്ജമ (അഞ്ചു സർഗ്ഗങ്ങൾ) ഞാൻ വായിച്ചു. അതു് ഏററവും വിശിഷ്ടമായിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം. മാഘം, വിശേഷിച്ചും അതിലെ ചില സർഗ്ഗങ്ങൾ, തജ്ജമചെയ്യാനുള്ള വൈഷമ്യം തന്നെത്താൻ പരിശോധിച്ചുനോക്കിയാൽ മാത്രമേ ബോദ്ധ്യപ്പെടുകയുള്ളൂ. ശ്രീമാൻ വാര്യർ അവർകളെപ്പോലെ സ്ഥിരോത്സാഹമുള്ള ഉറച്ച പണ്ഡിതന്മാർ ഇതിലേക്കു് ഉദ്യമിച്ചുകാണുന്നതു് ഏററവും സന്തോഷപ്രദമാ

ണു്. മേൽ പോകുന്തോറും തനിക്കു് സിദ്ധിക്കുന്ന പരിചയംകൊണ്ടും മൂലകൃതിയിൽതന്നെ കാണുന്ന വർദ്ധമാനമായ സാരള്യംകൊണ്ടും ഈ കൃതി മുഴുവൻ തർജ്ജമചെയ്യുന്ന കാര്യത്തിൽ നിന്നു്, ഇത്രയും സാധിച്ചിട്ടുള്ള തർജ്ജമക്കാരൻ പിൻതിരിയേണ്ടി വരികയില്ല. എന്നാൽ അതിലേക്കു് വേണ്ട പ്രോത്സാഹനം പല വിധത്തിലും അദ്ദേഹത്തിനു് സിദ്ധിക്കുമെന്നു് ആശിച്ചുകൊള്ളട്ടെ.

വി. കൃഷ്ണൻതമ്പി. (ഒപ്പു്)
പ്രിൻസിപ്പാൽ, സംസ്കൃതകാളേജ്.

തിരുവനന്തപുരം.
27—6—109.

ശ്രീ

# ഭാഷാമാഘം

## ഒന്നാം സർഗ്ഗം

1

ശ്രീകാന്തനായ ഭഗവാൻ വസുദേവഗേഹേ
ലോകാധിവാസനവനീതലരക്ഷണാൎത്ഥം
വാണീടവേ വിധിസുതൻ മഹിതൻ മഹൎഷി
വാനിങ്കൽനിന്നവതരിപ്പതു കണ്ടു ശൗരി.

2

ചിന്തിക്കിലക്കനടെ യാത്ര വിലങ്ങെയത്രേ
ചെന്തീക്കെഴും ജ്വലനമൂൎദ്ധഗമതും പ്രസിദ്ധം
ചിന്തിസ്സമസ്തദിശി താഴ്ന്നുവരുന്ന കാന്തി-
യെന്താണിതെന്നുഴറിയാളുകൾ നോക്കിനിന്നു.

3

ആദ്യം പ്രഭാനിചയമെന്നു നിനച്ചു പിന്നെ-
ഗ്ഗാത്രം തിരിഞ്ഞളവിലേകശരീരിയെന്നും
പ്രത്യേകമംഗമഥ കണ്ടു, പുമാനിതെന്നും
നാഥൻ ക്രമാലിവനെ നാരദനെന്നുറച്ചു.

4

കർപ്പൂരരേണുനികരപ്രഭ പൂണ്ടു പുത്തൻ-
കാർകൊണ്ടലിന്നടിയിൽ വന്നണയും ക്ഷണത്തിൽ
ഭൂത്യാ വെളുത്തുപരി വാരണചർമ്മമേന്തി
നൃത്തം തുടർന്ന ശിവനോടിവനൊത്തിരുന്നു.

5

അംഭോജകേസരവിലോലജടാകലാപ-
മൻപോടണിഞ്ഞു ശരദിന്ദുനിറം കലർന്നോൻ.
പ്രാലേയഭൂമിയിൽ മുളച്ച പഴുത്ത വല്ലീ-
ജാലം ധരിച്ച ഗിരിരാജനൊടൊത്തിരുന്നു.

6

നീലാഭമായ മൃഗചർമ്മമണിഞ്ഞു മഞ്ഞൾ-
പോലുള്ള മേഖല ധരിച്ചൊരിവൻ സിതാംഗൻ
ചാലേ സുവർണ്ണകടിസൂത്രകമംബരത്തിൻ-
മേലേന്തിയോരു ബലരാമനൊടൊത്തിരുന്നു.

7

കാർത്തസ്വരോർവ്വിയിൽ മുളച്ച ഖഗേശരോമ-
മൊത്തങ്ങു നീണ്ട ലതതന്നുടെ നൂലിനാലെ
ഹൃദ്യോപവീതമിയലും ഹിമശുഭ്രനപ്പോൾ
വിദ്യുത്തണിഞ്ഞ ശരദഭ്രമൊടൊത്തിരുന്നു.

8

നന്നായ് മൃണാളമററിപോലെ വെളുത്ത ഗാത്രം
തന്നിൽ പലേ നിറമെഴും ചെറുരോമമോടും
മിന്നും മൃഗാജിനമണിഞ്ഞൊരിവൻ വിരിപ്പോ-
ടിന്ദ്രന്നെഴുന്ന ഗജരാജനൊടൊത്തിരുന്നു.

9

നിത്യം സ്വവീണയിലടിഞ്ഞുരവേററനല്ലൊ-
രംഗുഷ്ഠരമ്യനഖരാംശു പരക്കയാലെ
അൎദ്ധാഗ്രമപ്പവിഴനിൎമ്മിതമെന്നുതോന്നും
പുത്തൻജപസ്ഫടികമാലയൊടുല്ലസിച്ചു.

10

കാറേറല്ക്കയാൽ നിജനിജം നിനദങ്ങളേതും
തെററാതെഴും ശ്രുതികൾചേൎന്നുളവാം സ്വരത്താൽ
മററും സ്വരാവലികൾ തൻക്രമമൊക്കെ നന്നായ്
കാട്ടുന്ന വീണയെയടിക്കടി നോക്കിവന്നു.

11

ഭക്ത്യാ നമിച്ചനഗമിച്ചൊരമൎത്ത്യരെസ്സം-
പ്രീത്യാ തിരിച്ചുടനയച്ചൊരതീന്ദ്രിയജ്ഞൻ
ദൈത്യപ്രതാപഹരനാം ഹരി വാണിടുന്ന
വൃത്രാരിപത്തനമൊടൊത്ത പുരത്തിലെത്തി,

12

കീഴ്പോട്ടിറങ്ങുമരുണന്നു സമൻ മുനീന്ദ്ര-
നെപ്പോൾ മുകുന്ദനുടെ മുന്നിലണഞ്ഞുവോ താൻ
ചൊല്പൊങ്ങിടും ഗിരിയിൽനിന്നുയരും ഘനംപോ-
ലപ്പോളുപേന്ദ്രനെഴുന്നേററു ജവേന പീഠാൽ.

13

ഒപ്പം പ്രയത്നമൊടുയർത്തിയ പത്തി താണ
സർപ്പങ്ങൾ ചെന്നൊരുവിധം ചുവടേന്തി നില്ക്കേ
തല്പാരിടത്തിലരവിന്ദതനൂജപുത്രൻ
സർപ്പേന്ദ്രശായിയുടെ മുന്നിലണച്ചു പാദം.

14

അത്യന്തപൂജ്യനവനെപ്പുരുഷേശനർഘ്യ-
പാദ്യാദികൊണ്ടു വഴിപോലഥ പൂജചെയ്തു
മോഹിപ്പതില്ലിഹ മനീഷികൾ പുണ്യഹീന-
ഗേഹങ്ങളിൽ പ്രണയമോടണയുന്നതിന്നായ്.

15

എപ്പോൾ ജനങ്ങൾ തുഹിനാഞ്ജനപർവ്വതങ്ങൾ-
ക്കൊപ്പം വിളങ്ങിയവർ നില്പതു കണ്ടതില്ല,
അപ്പോൾ വരാസനമജൻമുനി തന്റെ കയ്യാ-
ലർപ്പിച്ചതിങ്കൽ മുനിതന്നെയിരുത്തി വേഗാൽ.

16

വമ്പിച്ച നീലമണിപോൽ വിലസുന്ന ദേവൻ-
മുമ്പിൽ സുവൎണ്ണമണിപീഠമമൎന്ന യോഗി
ജൃംഭിച്ചുയൎന്നൊരുദയാദ്രിയിലന്തിയെത്തൻ-
മുമ്പിട്ടുദിച്ച ശശിയെന്നവിധം വിളങ്ങി.

17

ചിത്തം തെളിഞ്ഞൊരവനെപ്പരിചോടു പൂജി-
ച്ചേററം കൃതാൎത്ഥത കലൎന്നിതു വാസുദേവൻ
സത്തുക്കളെപ്പരിചരിപ്പതിനാഗ്രഹിച്ചു
വൎത്തിച്ചിടുന്നു സതതം നിയതം മഹാന്മാർ.

18

അത്താപസൻ സകലപുണ്യജലങ്ങൾ ചേൎന്ന
തീൎത്ഥം കമണ്ഡലുവിൽനിന്നു കരത്തിലാക്കി
വീഴ്ത്തീടവേ ഹരി ശിരസ്സു നമിച്ചു ഫലൗഘം
തീൎത്തീടുവാൻ വിരുതെഴും ജലമേററു മൌലൌ.

19

വീണാധരൻ പറകയാൽ കനകാസനത്തിൽ
വാണാൻ നവീനഘനകാന്തികലൎന്ന കണ്ണൻ
ചേണാൎന്ന പീഠമതു ജംബുവൊടൊത്തു കാന്ത്യാ
കാണായ മേരുശിഖരാഭയെ വെന്നിതപ്പോൾ.

20

പൂർണ്ണേന്ദുലാഞ്ഛനനിഭംനിറമാൻ തപ്ത-
സ്വർണ്ണാഭമായ വസനം പരിചോടണിഞ്ഞും
മിന്നും മുരാരി ബഡവാനലകീല പൊങ്ങി-
യെങ്ങും പരന്നരുളുമംബുധിപോൽ വിളങ്ങി.

21

നീലാളിവർണ്ണനുടെ കാന്തിസമൂഹമോട്ട-
ചേലാൻ ചെന്ന മുനിതന്റെ തനുപ്രകാശം
രാത്രൗ മരത്തിലിളകുന്നിലകൾക്കിടയ്ക്കായ്
രാത്രീശരശ്മിവിലസുന്നവിധം വിളങ്ങി.

22

താപിഞ്ഛപുഷ്പസമമങ്ങതിയായ് കറുത്തും
സപ്തച്ഛദത്തിനുടെ പൂമ്പൊടിപോൽ വെളുത്തും
വ്യാപിച്ചു രശ്മികൾ പരസ്പരമേല്ക്കയാലെ
ശോഭിച്ചിതന്നവരൊരേനിറമാന്നപോലെ.

23

കല്പാന്തകാലമുപസംഹൃതമായ ലോക-
മെപ്പേരുമേതിൽ വികസിച്ചു വസിച്ചിരുന്നു,
ചിൽപൂർണ്ണനത്തനുവിൽ മാമുനി വന്നതോർത്തി-
ട്ടുല്പന്നമായ പരിതോഷമടങ്ങിടാതായ്,

24

സന്തോഷമാൎന്നു വികസിച്ചധികം പ്രകാശ-
മേന്തുന്ന യോഗിയെ ദിനേശനെയെന്നപോലെ
ചിന്തുന്ന കാന്തിയൊടു നോക്കിട്ടമക്ഷി രണ്ടും
ചെന്താമരാക്ഷനവനെന്നു വെളിപ്പെടുത്തി.

25

പല്ലായിടും ഹിമകരൻെറ കരങ്ങളന്ത-
മില്ലാതെ തൂകി മുനിതൻസിതവിഗ്രഹത്തെ
ചൊല്ലാൎന്ന സൌധമതുപോലതിധൌതമാക്കി
മല്ലാരി നല്ല പുതുപുഞ്ചിരി പൂണ്ടുരച്ചാൻ.

26

പാപം ഹരിക്കുമുട,നായതുകൊണ്ടു മേലാൽ
പ്രാപിച്ചിടും ശുഭ,മിതാൎന്നു പൂൎവ്വപുണ്യാൽ
കാലങ്ങൾ മുന്നിലുമെഴും സുകൃതത്തെ ജീവ-
ജാലത്തിനത്ര തവ ദൎശനമോതിടുന്നു.

27

ലോകത്തിലിന്നപരിമേയകരങ്ങളേററം
തൂകുന്നൊരൎക്കനൊഴിപ്പതിനോൎത്തുകണ്ടാൽ
ആകാത്തൊരാ പ്രബലമാമിരുളങ്ങസംഖ്യ-
മാകും പ്രഭാതതികൾകൊണ്ടു തകൎത്തിടുന്നു.

28

നിത്യോപയോഗമതിലക്ഷയമായ് ധനത്തി-
ന്നോത്താ ശ്രുതിക്കു ഗുരുവാം നിധിയായ് ഭവാനേ
തീത്താൻ പ്രജാകുശലതൽപരനാം പ്രജാസൃ-
ട്ടോത്താൽ സുപാത്രമൊട്ടു ചേത്തതിനാലനാത്തൻ·

29

പ്രായേണ പാപഹരമാം തവ ദർശനത്താ-
ലായേൻ കൃതാത്ഥനിവനെങ്കിലുമങ്ങരുളും
ശ്രേയസ്കരം മൊഴികൾ കേൾക്കയിലുണ്ടു മോഹം,
ശ്രേയസ്സു വന്നതഥവാ മതിയാകയുണ്ടോ?

30

നിഷ്കാമനാകിയ ഭവാനിവിടക്കു പോരാൻ
തക്കോരു കാര്യമുരചെയ്യുകയെന്നുണത്താൻ·
ഇക്കാലമത്ര ഗുരുവായ് മമ ഗൌരവത്തെ
ചേക്കുന്നൊരീ വരവുതന്നെ തരുന്നു ധൈര്യം

31

ഇത്ഥം പറഞ്ഞഹരിയോടവനോതിയേവം
വക്തവ്യമല്ല പുരുഷോത്തമ! യോഗികൾക്കും
പ്രത്യക്ഷമാകിടുവതിന്നൊരുവസ്തുവങ്ങു-
ന്നത്രേയിതിന്നുപരിയായൊരു കാര്യമുണ്ടോ?

DEFINITORY T.O.C. No 1267 LIBRARY.

32

അഭ്യാസലോപമതിനാൽ മനുജൎക്കു പാരം
ദുഷ്പ്രാപമായ് വിപുലരാഗകുലം തടഞ്ഞും
നില്പോരു മോക്ഷപഥമാൻ മനസ്വികൾക്കും
പ്രാപ്യപ്രദേശമവിനാശകമങ്ങു തന്നെ.

33

പണ്ടുള്ളഭിജ്ഞരിഹ, യോഗികൾ ദിവ്യനേത്രം-
കൊണ്ടുൾപ്രയത്നമൊടറിഞ്ഞൊരു കൃത്യഹീനൻ
വീണ്ടും വികാരരഹിതൻ പ്രകൃതിക്കു വേറായ്-
ക്കൊണ്ടോരനാദ്യനിതി, നിന്നെയറിഞ്ഞിടുന്നു.

34

ത്രൈലോക്യനാഥനവിടുന്നു രസാതലത്തിൻ-
മേലൊററ മൂടിയതുപോലെഴമൂഴിതന്നെ
ലീലയ്ക്കുയൎത്തിയഹിരാജവരന്റെ തൂണു
പോലങ്ങുയൎന്ന തലതന്നിലമൎത്തിവച്ചു.

35

നിസ്തുല്യമായ് തവ പുരാതനമായിടുന്ന
മൂൎത്തിക്കെഴും മഹിമയാരറിയുന്നു പാൎത്താൽ?
മൎത്ത്യാവതാരമതിലും ഭവമോചനൈക-
വൃത്ത്യാ സുരാസുരരെയങ്ങു ജയിച്ചിടുന്നു.

36

ഇപ്പാരിടത്തിനതിയായി വളൎന്ന ഭാരം
തീൎപ്പാൻ ഭവാനവതരിച്ചതുളളന്നപോലും
ഇപ്പോൾ ത്രിലോകവുമടക്കിയെഴും ഭവാന്റെ
സൽപ്രാഭവാലതിഗുരുത്വമതിന്നു ചേൎത്തു.

37

ക്ഷോണിക്കുപദ്രവമണപ്പവർതൻ വധാൎത്ഥം
ക്ഷോണീതലത്തിലിതുപോലെ പിറന്നിടായ്കിൽ
കാണാൻ സമാധിരതന്മം കഴിയാത്തൊരങ്ങെ-
ക്കാണുന്നതെങ്ങനെ മഹേശ്വര! മാദൃശന്മാർ.

38

ശക്തൻ ഭവാനൊഴികയില്ല മദോദ്ധതന്മാർ
ചേൎത്തുള്ള പീഡയെഴുമൂഴിയെ രക്ഷചെയ്വാൻ
നക്തം തമോമലിനമായിടുമന്തരീക്ഷം
ശുദ്ധീകരിക്കുവതിനാരിഹ സൂൎയ്യനെന്ന്യെ.

39

കംസാദിരാജവധമാ മൃഗനിഗ്രഹംപോൽ
ശംസിച്ചിടുന്നിതു ഭവൽസ്തുതിയായ് ജനങ്ങൾ;
ആക്ഷേപമാണതു ഭവാനു ഹരേ! ഹിരണ്യ-
നേത്രാദ്യദൈത്യകരിസംഘമമൎത്തതോൎത്താൽ.

40

സന്നദ്ധനാണയി! ഭവാൻ സ്വയമേവ ധൃഷ്ടൎ-
തൻനിഗ്രഹേ സതതമെങ്കിലുമങ്ങുമായി
അന്യോന്യഭാഷണമതിൽ പ്രിയമാൎന്ന ചേത-
സ്സെന്നെബ്ബലേന വചനോത്സുകനാക്കിടുന്നു.

41

ഇന്നാകയാൽ ജനഹിതം കലരും സുരേന്ദ്ര-
സന്ദേശവാക്യമുരചെയ്യുവനല്പമീ ഞാൻ
ഇന്ദ്രന്റെ കാൎയ്യമഖിലം ഭരമേററു വാഴും
അങ്ങുന്നുപേന്ദ്ര! വഴിപോലതു കേട്ടുകൊൾക.

42

പാകാരിതൻ വിഭവഹാരിയരാതിഭീതി
ചേരാത്തവൻ ദനുജനേകനുദിച്ചു പാരിൽ
ലോകങ്ങളായവനെയിന്നു ഹിരണ്യപൂൎവ്വ-
നാകുന്നൊരക്കശിപുവെന്നു കഥിച്ചിടുന്നു.

43

ശക്തൻ സ്വതേ സുരകുലത്തൊടു വൈരമാൎന്നോൻ
ദൈത്യേശനായ് ചിരമമന്നൊരിവൻനിമിത്തം
സത്രാശനാളിഭയമെന്നൊരു വസ്തുവുണ്ട-
ന്നാദ്യം ധരിപ്പതിനുമങ്ങിടയായിതത്രെ.

44

ദിക്കിന്നു നാലിനുമധീശരെ വിട്ടു രാഗ-
മുൾക്കൊണ്ടവന്റെ വശമാൎന്നുദിനം തുടങ്ങി
ഭോഷ്കല്ല, ചഞ്ചലകൾ ലക്ഷ്മികളെന്നു മൎത്ത്യ
രൊക്കെക്കഥിപ്പൊരപകീൎത്തിയവയ്ക്കു തട്ടി.

45

പേടിച്ചുമൎത്ത്യരവനെപ്പുരമന്നുതൊട്ടാ-
പ്രൗഢിക്കു ചേൎത്ത ബലമാശു ബലിഷ്ഠമാക്കി,
ദുൎഗ്ഗങ്ങളാക്കി പുരപംക്തി, നിശാതമാക്കി
ശസ്ത്രങ്ങൾ, കഞ്ചുകവരങ്ങൾ ഘനങ്ങളാക്കി.

46

കത്തുന്ന കാന്തിയൊടു സൎവ്വജഗത്തിലും ചെ-
ന്നെത്തുന്ന ദൈത്യനണയുന്നൊരു ദിക്കുനോക്കി
വൃത്രാരിമുഖ്യരിഹ സന്ധ്യകൾമൂന്നിലും തൻ-
കൈത്താരു മൗലിയൊടു ചേൎത്തു നമസ്കരിച്ചാർ.

47

ധാരാധരത്തൊടുരസും ജടപൂണ്ടുസിംഹാ-
കാരംധരിച്ചയിനൃസിംഹ! ഭവാൻ ക്ഷണത്തിൽ
ഏറ്റം മൃദുത്വമിയലും നഖരാളിയാല-
ദ്ദുഷ്ടന്റെ നിഷ്ഠുരമുരസ്സു പിളൎന്നു കൊന്നു.

48

വിണ്ണോരുമായ് സമരമാടി മദേന വന്ന
കണ്ഡൂക്കറം പോക്കിടുവതിന്നു കൊതിച്ചു വീണ്ടും
വന്നുതടവിച്ചു ഭുവി രാവണനെന്ന രക്ഷ
സ്സായിട്ടവൻ ത്രിദിവരക്ഷമുടക്കുവാനായ്.

49

വെട്ടാൻ തുനിഞ്ഞു ഭുവനത്രയനാഥനാവാൻ
പത്താം ശിരസ്സധികസാഹസിയായിട്ടന്നോൻ
ഇച്ഛാനുകൂലമുടനാന്ന ഹരപ്രസാദ-
മിച്ഛാവിരോധസദൃശം ഖലനോൎത്തുകൊണ്ടാൻ.

50

കൈലാസമായവനെടുത്തെറിയും ദശായാം
ശൈലേന്ദ്രപുത്രി ഭയവിഭ്രമമാൎന്നു താനെ
ചാലേ പുണൎന്നൊരു സുഖേന വരുത്തി കാല-
കാലന്നു നിഷ്കൃതി, കൊടുത്ത വരത്തിനെല്ലാം.

51

പാകാരിയോടവനെതിർത്തു, പുരം വളഞ്ഞു,
നാകാംഗനാമണികളെ പ്രസഭം ഹരിച്ചു,
ഹാ! കട്ടു രത്നതതി, നന്ദനമങ്ങഴിച്ചു,
നാകത്തിനീവിധമുപദ്രവമേകി നിത്യം.

52

ഐരാവതം നിജതുരംഗമമെന്നിവയ്ക്കു
ചേരുന്ന ചിത്രഗതിയെ സ്തുതിയാതെയിന്ദ്രൻ
പോരിങ്കൽ നിന്നവനെയോൎത്തു ഭയേന മണ്ടു-
ന്നേരത്തവയ്ക്കുടയ ശീഘ്രതയെപ്പുകഴ്ത്തി.

53

അൎക്കന്റെ കാഴ്ചയൊടു തുല്യമവന്റെ കാഴ്ച
യോൎക്കിൽ സഹിക്കവഹിയാതെയധീരനേത്രൻ
അക്കൌശികൻ ഭയമൊടും കനകാചലത്തി-
ന്നുൾക്കൊണ്ട ഗഹ്വരമണഞ്ഞു ദിനം നയിച്ചാൻ.

54

കല്ലെന്നപോൽ കഠിനമായ കഴുത്തിലേററു
വല്ലാതെ തീപ്പൊരി ചൊരിഞ്ഞിതു വിഷ്ണുചക്രം
അല്ലാതെ ലോകപതിയായ് സുരവൈരിയായി
ട്ടുള്ളോരവന്റെ ഗളമോടു ജയിച്ചതില്ല.

55

വമ്പൻ മദേന ഗജമെന്നതുപോലെ നീക്കീ
ഗാംഭീൎയ്യ,മമ്പൊടുഹരിച്ചിതു പുഷ്കരത്തെ,
ശംഖം മറിച്ചു, കലുഷതാമണച്ചു, വീണ്ടും
സമ്പത്തിനീശനുടെ മാനസമൊന്നിളക്കി.

56

യുദ്ധത്തിലാ വരുണനെയ്തൊരു നാഗപാശ
ശസ്ത്രങ്ങളന്നവനെഴും പരുഷാട്ടഹാസാൽ
ചിത്തേ ഭയത്തൊടു തിരിച്ചഥ പോയ് പ്രയോഗ-
കൎത്താവുതൻ ഗളതലത്തൊടുതന്നെ ചേൎന്നു.

57

വില്ലിന്നു വേണ്ടിയവനശ്ശമനന്റെ പോത്തി-
ന്നുള്ളോരു ശൃംഗയുഗളത്തെയടൎത്തെടുത്താൻ
തീരെശ്ശമിച്ചു ഘനമെങ്കിലുമേററ ലജ്ജാ-
ഭാരത്തിനാൽ തല കുനിച്ചതു കേണുവാണു.

58

പേടിച്ചു ഭാനു ശുചിയാം സമയത്തിലന്നോൻ
കൂടിക്കരങ്ങൾ മുഴുവൻ പതിയാതെ ചേൎത്തു
ചൂടററ ഘൎമ്മകണമാകിയ മുത്തുമാല
ചൂടിച്ചു തത്തരുണിമാരെയലങ്കരിച്ചു.

59

ചന്ദ്രൻ കലാതതി തികഞ്ഞു ഗൃഹം വിടാതെ
ചന്ദ്രാസ്യമാൎക്കുകരളിൽ കുതുകം വളൎത്തി
സാന്ദ്രാനുരാഗമുളവാക്കി വിലാസികൾക്ക-
ങ്ങൊന്നാമനാമവനു ചേടകനായ് വസിച്ചു.

60

തന്വംഗിമാർക്ക തരമാകിയ തക്ക തീർക്കാൻ
തന്നുള്ളിലോർത്തു ഗജരാജമുഖൻെറ ദന്തം
ഒന്നേറെ മാനിയവനങ്ങു പറിച്ചെടുത്താ-
നിന്നേവരയ്ക്കുമതു പിന്നെ മുളച്ചതില്ല.

61

ശുദ്ധാന്തനാരികടെ വസ്ത്രമിളക്കിയെന്ന-
കുററം കലൎന്ന പവനൻ, തനുദൎശനാൎത്ഥം
ഏററം കൊതിപ്പൊരവനുററവനായ് നിരൎത്ഥം
കുററത്തിലാൎന്നു സുരരോടനുകമ്പ കാട്ടി.

62

ലോകം ജയിച്ച മഹനീയമഹസ്സുകൊണ്ടുമ-
ശ്ലോകം വളൎത്തിയവനായതുകൊണ്ടു പാരം
വൈകല്യമാൎന്നു പരിതാപജമായ ബാഷ്പം
തൂകീട്ടിരട്ടി പുക പൂണ്ടിതു വീതിഹോത്രൻ.

63

അക്കശ്മലൻെറ ഭജനത്തിനു സപ്പജാലം
വക്രത്തിലുള്ള ഗതി, യപ്പരമമ്മഭേദം
വായ്ക്കും ദ്വിജിഹ്വതയുമെന്നിവ വിട്ടു കൎണ്ണം
കൈക്കൊണ്ടു വാണിതു ഭുജംഗത പൂണ്ടിടാതെ.

64

ശക്ത്യാ തദീയ ഗജവൃന്ദമതിന്റെ കുത്തേ-
ററാൎത്ത്യാവരണ്ടു മദമററ കപോലമോടും
പേൎത്തും വരാതെ ഹരിദന്തമണഞ്ഞു നാമം
സാൎത്ഥീകരിച്ചു ചിരമങ്ങിനെ ദിഗ്ഗജങ്ങൾ.

65

ചുട്ടുള്ള ദേവവനിതാശ്വസിതാനിലാംശാ
തട്ടുമ്പൊളുള്ളൊരു തണുപ്പലർബാണതാപം
കൂട്ടും തദീയ തനുവിന്നിഹ ചന്ദനച്ചാ-
റോടും വരും വ്യജനമാരുതനേകിയില്ല.

66

ഹേമന്തമാൎന്നിതു ശരത്തൊടു, ശീതകാലം
ശ്രീമദ്വസന്തമൊടു, വൎഷമതുഷ്ണമോടും
ഈമട്ടു തൽ പുരിയിൽ വാണു സദാ പ്രസൂന-
സ്തോമം വഹിച്ചിഹ കുടുംബികൾ പോലൃതുക്കൾ.

67

ശ്രീമാനമാനുഷനജൻ മനുവംശജാതൻ
ധീമാൻ ഭവാൻ നിജ കൃതാന്തകനെന്നറിഞ്ഞും
സൎവ്വംസഹാസുതയെ നൽകിയതില്ലവൻ ഹാ!
ഗൎവ്വിഷ്ഠരന്ത്യമതിലും വെടിയാ സ്വഗൎവ്വം.

68

അങ്ങുന്നു ദാശരഥിയായി വനത്തിൽനിന്നും
മംഗല്യഗാത്രിയെ ഹരിച്ചൊരു പാപിതന്നെ
സംഘട്ടമേററിളകിയാവിലമായ വാർദ്ധി
ലംഘിച്ചു ലങ്കയിലണഞ്ഞു വധിച്ചതില്ലേ?

69

പേൎത്തും ചതിപ്രിയനിവൻ നടനന്യവേഷം
ചേൎത്തുള്ളപോലപരജന്മമെടുത്തു തൻെറ
സത്യംമറച്ചു ശിശുപാലക സംജ്ഞപൂണ്ടു
വൎത്തിച്ചിടുന്നു ജനമേതുമറിഞ്ഞിടാതെ.

70

മൂർത്ത്യാ ചതുർഭുജനവൻ വദനേന ചന്ദ്രൻ
ഓൎത്താൽ ത്രിലോചനനുമായി വസിച്ചു ബാല്യേ
ഇപ്പോൾ യുവാവവനിഭൎത്തൃകളിൽ കരങ്ങൾ
ചേൎത്തക്കനായി വിലസുന്നിതു തൽ പ്രഭാവാൽ.

71

ദേവാധിപാശരവരക്ക് നിജ പ്രതാപാൽ
ഭാവത്തിനൊത്തവര നിഗ്രഹമേകിടുന്നോൻ
സേവിച്ചു മൂൎത്തികൾ കൊടുത്ത വരേണ ഗർവ്വം
ഭാവിച്ചു പംക്തിമുഖമുഖ്യരെ നിന്ദചെയ്വൂ.

72

പണ്ടെന്നപോൽ ഭുവനപീഡകൾ ചെയ്തുപോരു-
ന്നുണ്ടിപ്പൊഴും ത്രിജയമൊന്നു കൊതിച്ചു മൂർഖൻ.
പണ്ടുള്ളൊരപ്രകൃതി പൂരുഷരന്യജന്മാ
പൂണ്ടാലുമങ്ങു പിരിയാ സതിയെന്നപോലെ.

73

സ്രഷ്ടാവുതന്റെ വിധിപോലുമതിക്രമിച്ചു
മട്ടിന്നിരിക്കുമവനെക്കൊലചെയ്ക വേഗം.
ദുഷ്ടപ്രവൃത്തികൾ തികഞ്ഞവരേ വധിപ്പാൻ
ശിഷ്ടർക്കു വേണ്ടുമടി,യായതിനില്ല ദോഷം.

74

പെരുകിയ കുതുകത്താലശ്ശചീദേവിതാന-
ങ്ങരിയൊരു പരിരംഭം ചെയ്തിട്ടും സൌഖ്യമേൽക്കാൻ
അരികുലനിധനത്താലുള്ളുറപ്പാനു വീണ്ടും
സുരവരനുടെ ഹൃത്താർ ശക്തമായ്ത്തീർന്നിടട്ടെ.

75

ആകാമമെന്നുരചെയ്തു ശാർങ്ഗി, മുനിതാനേവം
പറഞ്ഞംബരാ-
പൂകിച്ചുന്ദ്രസമം ലസിച്ചസമയേ കോ-
പിച്ചു ചേദീശനിൽ
വൈകാതെ രിപുനാശസൂചനയോടും
ഭ്രൂഭംഗമാം വ്യാജമാ-
ന്നാകാശത്തിലിതെന്നപോൽ ഹരിമുഖേ-
കേതൂദയം കണ്ടുതേ.

# രണ്ടാം സർഗ്ഗം

1

ചേദീശനോടങ്ങടരിന്നടുക്കാൻ
ചേതസ്സിലോർക്കെ ക്രതുവിന്നു ചെല്ലാൻ
ധർമ്മാത്മജൻ തൻ ക്ഷണമന്നറിഞ്ഞു
കാര്യ്യദ്വയാശങ്കിതനായ് മുരാരി.

2

വ്യോമത്തിൽമന്ദം ഗുരുശുക്രരോടും
സോമൻ തെളിഞ്ഞങ്ങുയരുന്നപോലെ
രാമോദ്ധവന്മാരൊടുമൊത്തു ചേർന്നാ-
രാമാനുജൻ ചെന്നു സദസ്സുപുക്കാൻ.

3

നന്നായ് പ്രപഞ്ചത്തിനു ശാന്തിയേകാ-
നൊന്നിച്ചു ചേർന്നത്ഭുത കാന്തിയോടെ
മിന്നും നരാഗ്നിത്രയമോടുകൂടി-
ച്ചേർന്നാസ്സഭാവേദി വിളങ്ങിയേറ്റം.

4

ഒറ്റയ്ക്കു വർത്തിക്കിലുമാത്മരൂപം
ചുറ്റും മണിത്തൂണുകളിൽത്തിളങ്ങി
മർത്ത്യാളിയാലാവൃതരെന്നപോല-
ന്നേറ്റം പ്രകാശിച്ചിതു മൂന്നുപേരും.

5

രാമാദ്ര്യരത്യുന്നതമായിടുന്ന
ഹേമാസനാംതോദമിരുന്നിതപ്പോൾ
സിംഹങ്ങളാൽ ശോഭിതമാം ത്രികൂട-
ശൃംഗങ്ങൾതൻ കാന്തിയവർക്കുമുണ്ടായ്.

6

പ്രാധാന്യമേററം കലരുന്ന കാര്യം
രണ്ടിന്നുമുണ്ടായ വിരോധഭാവം
വേണ്ടുന്ന പോലോതി വിചക്ഷണത്വം
പൂണ്ടോരു ദേവൻ ഗുരുവര്യരോടായ്.

7

കുന്ദപ്രസൂനാഭ കലർന്ന ദന്തം
ചേർന്നുല്ലസിക്കും ഹരിതന്റെ വാണീ
മന്ദസ്മിതസ്നാനമതേററിതെന്നു
തോന്നുംവിധം നിർമ്മലവർണ്ണയായി.

8

ഭാവൽക്കവാക് പാടവമിങ്ങു കാട്ടാൻ
സൗകര്യമേകുന്നതിന്നെന്റെ വാക്യം
പൂർവാംഗമെന്നുള്ളതു നാടകത്തിൻ
കഥാപ്രസംഗത്തിനു വേണ്ടിയല്ലേ?

9

പാരാകെവെന്നുള്ള വരാംസഗർഭ്യ-
ന്മാരാൽ കരം ഭൂപരിൽനിന്നു വാങ്ങി
പേരാൎന്ന പാൎത്ഥൻ യജനത്തിനീനാം
ചേരാതെയും പോന്നവനാണു നൂനം.

10

വർദ്ധിച്ചിട്ടും വൈരിഹിതേച്ഛുവായ-
മർത്ത്യന്നു പാൎത്താലനുപേക്ഷണീയൻ
സത്തുക്കൾ വർദ്ധിച്ചവരും ഗദത്തോ-
ടൊത്തിന്നു ശത്രുക്കളെയോതിടുന്നു.

11

ചേദീശനെന്നോടപരാധമേററം
ചെയ്യാനതോൎത്തില്ലിവനല്ലലേതും
സാധുക്കളിൽ പീഡ വളർപ്പതോൎത്തി-
ട്ടാതങ്കമുണ്ടുള്ളിലെനിക്കു പാരം.

12

മതം ഭവാന്മാരതു കേൾക്കുവോളം
മതം മദീയം പുനരേവമത്രേ
കാൎയ്യജ്ഞനെന്നാകിലുമേകനായോൻ
കാൎയ്യങ്ങളിൽ സംശയമാൎന്നിടുന്നു.

13

അൎത്ഥം സ്ഫുരിക്കാനുതകുന്ന വാക്യം
മാത്രം കലൎത്തേവമുരച്ചശേഷം
ദൈത്യാരി പിൻവാങ്ങി, മഹാശയന്മാ-
രൊക്കെ പ്രകൃത്യാ മിതഭാഷകന്മാർ.

14

പണ്ടാവിധം വൈരിയുപദ്രവിച്ചുൾ-
ത്തണ്ടാരിൽ വല്ലായ്മയണച്ചതോൎത്ത്
ഉണ്ടായ കോപം സഹിയാതെ ബിംബം
കണ്ടാലൊളിക്കുന്നധരം വിറച്ചും

15

അൎത്ഥജ്ഞനാമുദ്ധവരോതുവാനാ
യുദ്യുക്തനായിട്ടുടനക്ഷണത്തിൽ
ഓൎത്തങ്ങടക്കീടിന വാക്കിനെത്താൻ
സിദ്ധാന്തപക്ഷത്തൊടു ചേൎത്തുവെച്ചും

16

മദ്യം കുടിച്ചൊട്ടു മദം കലൎന്നി
ട്ടേററം ചുവപ്പാൎന്നു, വരാംഗിതന്റെ
വക്ത്രാംബുജോച്ഛിഷ്ടപുടം കലൎന്നു
ക്രുദ്ധങ്ങൾ നേത്രങ്ങൾ തുറിച്ചുകൊണ്ടും

17

ആശ്ലേഷകാലെ വധുതൻ സ്തനത്തിൻ
കാഠിന്യമേൽക്കും വനമാല തന്നിൽ
ഉലഞ്ഞുകൊണ്ടമ്മാനോജ്ഞമൊട്ടും ശ്വസിപ്പോ
രക്കാറ്റുകൊണ്ടേറെ വറച്ച ചേർത്തും

18

അരാതിതൻ നേർക്കിയലുന്ന കോപാ
ലാരക്തഗാത്രത്തൊട്ടു ചേർന്നുമൂലം
സന്ധ്യാരുണാനന്തതലത്തിൽ മിന്നും
താരോപമം സ്വേദകണം വഹിച്ചും

19

കാതിൽത്തിളങ്ങും മണികുണ്ഡലത്തിൽ
ദ്യോതിച്ച മാണിക്യമഹസ്സിനാലെ
ചൂതപ്രവാളത്തൊട്ടു തുല്യമാക്കി
ച്ചെഴ്സും കരുത്തോരു നിജോത്തരീയം

20

കകുഡ്മികന്യാവദനാന്തരത്തിൽ
പൂകിസ്സുഗന്ധത്തെ വഹിച്ച മദ്യം
തന്നോടു ചേർന്നുള്ളൊരു ഗന്ധമേററം
ചിന്നും മുഖാമോദമതുദ്വമിച്ചും

21

ചെന്താരിതെന്നോൎത്തു മുഖാന്തികത്തിൽ
കാന്ത്യാ പതിക്കും ഭ്രമരാളിതന്നെ
ദന്തപ്രകാശാൽ ധവളീകരിച്ചു-
മന്തൎഗ്ഗതം രാമനിവണ്ണമോതി:—

22

ദോഷങ്ങളേതും കലരാതെയും സം-
തോഷം മനസ്സിന്നരുളുന്നതായും
ദോഷജ്ഞനാം കൃഷ്ണനരച്ചതിന്നു്
ശേഷം കഥിക്കാൻ ക്രിയതന്നെ യോഗ്യം.

23

തീരെക്കൃശം വാക്യമിതെങ്കിലെന്തേ
ലംഘിച്ചിടാ വിസ്തൃതമായ വാക്കും?
പാരം ജ്വലിച്ചെങ്കിലുമഗ്നിയുണ്ടോ
സൂൎയ്യപ്രകാശത്തിനെ വെന്നിടുന്നു?

24

വിസ്താരമേറുന്ന മദീയവാക്യം
വിസ്താരമില്ലെങ്കിലുമൎത്ഥകാൎയ്യേ
വിഖ്യാതമായിട്ടെഴുമീവചസ്സിൻ-
വ്യാഖ്യാനഭാവേന ഭവിച്ചിടട്ടെ.

25

ഹൃത്താരിണങ്ങാത്തവിധം പറഞ്ഞാൽ
വക്താവിനേയും ബത മൂകനാക്കും
ചേർത്തങ്ങുരച്ചീട്ടുകിൽ മന്ദനേയും
വക്താവതാക്കുന്നു സമർത്ഥവാക്യം.

26

സന്ധ്യാദിയാരുണ്ടിഹ സിദ്ധി ശക്തി
ചിന്തിക്കിൽ മുമ്മൂന്നുദയങ്ങൾ മൂന്നാം
ഗ്രന്ഥങ്ങൾ നോക്കീട്ടിതുപോലെയുരയ്ക്കാ-
നെന്താണു മന്ദാശയനും പ്രയാസം?

27

ഉള്ളത്തിലാലോചന തെല്ലുമില്ലാ-
തുള്ളോരു വക്താവുഴറുന്ന വാക്കും
വല്ലാതെ ലാക്കിന്നിഷു തെററിനില്ക്കും
വില്ലാളിതൻ വല്ഗിതവും വൃഥാതാൻ.

28

സ്കന്ധങ്ങളെന്യേ തനുവിങ്കലാത്മാ
ബന്ധിപ്പതില്ലെന്നിഹ ബൗദ്ധതത്വം
പഞ്ചാംഗമല്ലാതതുപോൽ സ്വകാര്യേ
മന്ത്രങ്ങളന്യങ്ങൾ സ്വരൂപനുമില്ല.

29

മറച്ചുവച്ചീടിലുമംഗമെല്ലാം
പരങ്കൽ നിന്നുള്ളൊരു ഭേദഭീത്യാ
പരം ഭയന്നീടിന യോധനെപ്പോൽ
ചിരം വസിക്കുന്നതുമില്ല മന്ത്രം.

30

തന്നിൽ പെടും വർദ്ധന, ശത്രുനാശ-
മെന്നുഴിപൻ നീതികൾ രണ്ടുമാത്രം;
എന്നാൽ മഹാവാഗ്മികൾ രണ്ടിനേയും
വർണ്ണിച്ചനേകം വിധമോതിടുന്നു.

31

വർദ്ധിച്ചൊരൈശ്വൎയ്യമിരിക്കിലും സം-
തൃപ്തിക്കു വിദ്വൽതതി പാത്രമല്ല
വൃദ്ധ്യാ വിളങ്ങുന്നൊരു വാർദ്ധിപോലും
നിത്യാ ശശാങ്കോദയകാംക്ഷിയല്ലേ?

32

കൈവന്നൊരല്പം ചില ലക്ഷ്മിയോത്തി-
ട്ടേവന്നു സന്തുഷ്ടി ഭവിച്ചിടുന്നു,
അവന്നെഴും ശ്രീ കൃതകൃത്യനാകും
ദൈവം വളർത്തീടുകയില്ല നൂനം.

33

വേരോടെ ശത്രുക്കളെയങ്ങൊടുക്കി-
ത്തീരാതെ മാനിക്കുദയം ലഭിക്കാ
ഘോരാന്ധകാരങ്ങളകററിയല്ലേ
പാരാതുദിക്കുന്നതു ചിത്രഭാനു?

34

കില്ലെന്നിയെ വൈരികുലം മുടിച്ചി-
ട്ടല്ലാതെയുള്ളാസ്ഥിതി ദുർല്ലഭം താൻ;
വെള്ളം പൊടിക്കൂട്ടമലിഞ്ഞു ചേരാ-
യല്ലാതെയുണ്ടോ നിലനിന്നിടുന്നു?

35

ഒരുത്തനെന്നാല്പമരാതിയായോ-
നിരിക്കവേയെങ്ങനെ സൗഖ്യമുണ്ടാം?
താരേശനെദ്ദ്രവകൾ നോക്കിനിൽക്കേ-
പ്പാരം വലയ്ക്കുന്നിതു സൈംഹികേയൻ.

36

കൃത്യങ്ങളാലിങ്ങുളവായ ശത്രു-
മിത്രങ്ങളേററം ബലമാർന്നിരിക്കും;
മിത്രാരിമാരായ് ചമയും സഗർഭ്യ-
വർഗ്ഗങ്ങളും പ്രാകൃതരും ചിലപ്പോൾ.

37

സന്ധിക്കു പാൎത്താലുപകാരസക്ത-
ബന്ധുക്കളേക്കാളുപകാരമേറും
ശത്രുക്കൾ നന്നാണിവ താനരാതി-
മിത്രങ്ങളെക്കാണ്മതിനുള്ള മാൎഗ്ഗം.

38

ഹരേ! ഭവാൻ രുഗ്മിണിതന്നെ മുന്നാ
ഹരിച്ചു ചേദീശ്വരനെച്ചതിച്ചു;
വിരോധവൃക്ഷത്തിനു മിക്കവാറും
നാരായവേരായതു നാരിമാരാം.

39

നീയങ്ങു ഭൗമാസുരനെജ്ജയിക്കാൻ
പോയപ്പൊഴിട്ടിക്കു വളഞ്ഞു ദുഷ്ടൻ;
ഹേമാചലത്തിൻ തടമൎക്കദേവൻ
പോയ്മങ്ങവേ ക്രൂരിരുളെന്നപോലെ.

40

നന്നല്ലരയ്യാനിഹ ബഭ്രുതന്റെ
തന്വാംഗിയേ ശത്രു ഹരിച്ച കാൎയ്യം;
പാപിഷ്ഠരായോരുടെ വാൎത്തപോലും
പാപത്തിനായിട്ടു ഭവിച്ചിടുന്നു.

41

നമ്മോടവൻ, നാമവനോടു,മേവം
തമ്മിൽ പലേ പീഡകൾ ചെയ്കയാലെ
കമ്മങ്ങളാലിന്നതിവൈരമാൻ
ചെമ്മേ വസിക്കുന്നിതു ചേദിഭൂപൻ.

42

വായ്ക്കും വിരോധം രിപുവിന്നു ചേൎത്തി-
ട്ടാക്കാണുദാസീനത വന്നിടുന്നു;
പുൽക്കാടു തീവച്ചനിലന്നു നേരേ
ചിക്കുന്നവൻ ചെന്നു കിടന്നിടുന്നു.

43

ഒരിക്കലായാലതി പീഡയേയും
പലപ്പൊഴും ചില്ലറയും സഹിക്കാം;
അനല്പമായിട്ടു പലപ്പൊഴും വ-
ന്നുപദ്രവിച്ചാൽ ക്ഷമിയും ക്ഷമിക്കാ.

44

ക്ഷമാഗുണം ഭൂഷണമന്യകാലേ
പുമാനു, നാരിക്കിഹ ലജ്ജപോലെ
പരാക്രമം നന്നപകാരകാലേ
ചിലപ്പൊഴാ നിസ്ത്രപയെന്നപോലെ.

45

പരാപമാനങ്ങൾ സഹിച്ചുകൊണ്ടി-
ധരാതലെ നിസ്ത്രപനായ് വസിക്കും
നരാധമൻതൻ ജനനിക്കു ഖേദം
വരാതിരിക്കാൻ ജനിയായ്ക യോഗ്യം.

46

ഉണ്ടായ മാനക്ഷയമൊക്കെയേററു-
മിണ്ടാതിരിക്കുന്നൊരു മൎത്ത്യനെക്കാൾ
കാലാൽ ചവിട്ടീടുകിലങ്ങുയൎന്നു
മൌലൌ കരേറും പൊടിതാൻ വരിഷ്ഠം.

47

ഗുണം, ക്രിയാ, ജാതിയിവററിലൊന്നാൽ
ഗുണങ്ങൾ നേടാത്ത പുമാന്റെ ജന്മം
സ്വനാമഭാരത്തിന്നു മാത്രമായി-
ത്തീരുന്നു യാദൃച്ഛികശബ്ദതുല്യം.

48

ഔന്നത്യമില്ലബ്ധിയിലാഴമേറു-
മൌന്നത്യമാൎന്നോൻ ഗിരിയാഴമെന്യേ
ഇന്നീയലംഘ്യങ്ങൾ ഗുണങ്ങൾ രണ്ടും
നന്നായ് മഹാന്മാരിൽ വിളങ്ങിടുന്നു.

49

വിധുന്തുദൻ തെററുകൾ തുല്യമായി-
ട്ടീരിക്കിലും സൂര്യനെ മന്ദമായും
ശീതാംശുവെസ്സത്വരവും ഗ്രസിപ്പൂ
മൃദുത്വമാൎന്നാൽ ഫലമേവമത്രെ.

50

അത്യന്തനിസ്സാരതമായ് തൃണത്തോ-
ടൊത്തത്ര്യും ലാഘവമാൎന്ന മൎത്ത്യൻ
ശത്രുക്കളാം കാററു വരുന്നനേരം
മൂൎദ്ധാവു കുമ്പിട്ടു വണങ്ങിടുന്നു.

51

തേജസ്വി ദൂരസ്ഥിതനെങ്കിലെന്തേ
തേജസ്വിമദ്ധ്യേയവനേയുമോക്കും?
പഞ്ചാഗ്നിമദ്ധ്യേ രവിയെജ്ജനങ്ങ-
ളഞ്ചാമനായിട്ടു ഗണിപ്പതില്ലേ?

52

ഉത്തുംഗശത്രുക്കടെ മൂൎദ്ധ്നി പാദം
ചേൎത്തിട്ടു താനാശ്രയമാൎന്നിടാതെ
സത്രാശനാവാസമണഞ്ഞുകൊൾവാൻ
കീൎത്തിക്കു പാൎത്താൽ കഴിയുന്നതാണോ?

53

മൃഗത്തെയങ്കത്തിൽ വഹിക്കമൂലം
മൃഗാങ്കനായ് തീൎന്നു കലാധിനാഥൻ
മൃഗങ്ങളെക്കൊന്നു മുടിക്കയാലേ
മൃഗേന്ദ്രനായ് കേസരി വാണിടുന്നു.

54

സാമോക്തി നന്നല്ലതു ദണ്ഡസാദ്ധ്യ-
നായ് മേവിടും വൈരി തനിക്കപത്ഥ്യം
ആമജ്വരം സ്വേദ്യമതായിരിക്കേ
ധീമാൻ ജലംവിട്ടു നനക്കമോവാൻ?

55

ക്രോധിച്ചിരിക്കുന്നൊരവന്നു വീതി-
ഹോത്രൻെറ ചൂടേററൊരു നെയ്യിനോത്താൽ
നീൎത്തുള്ളിപോൽ പ്രത്യുതയുജ്വലിപ്പാ-
നത്രേ ഭവിക്കുന്നിതു സാമവാക്യം.

56

സന്ധ്യാദി വേണ്ടുന്നതുപോൽ നടത്താ-
തെന്തെങ്കിലും ചെയ്തഖിലം കുഴക്കി
മന്ത്രീന്ദ്രനാണെന്നു നടിച്ചു വാഴും
ശത്രുക്കളെ ഭൂപതി തള്ളിടേണം.

57

തൻവൃദ്ധി നോക്കീട്ടിഹ യാനമെന്നും
ശത്രുക്ഷയം പാൎത്തു നല്ലതെന്നും
ഇത്ഥം കഥിക്കുന്ന വിധങ്ങൾ രണ്ടും
സ്വസ്ഥൻ ഭവാൻ തന്നെയുണൎത്തിടുന്നു.

58

ഷേരാന്നു ലോകങ്ങൾ ജയിച്ചലംഘ്യ-
ന്മാരായ് ബലം പൂണ്ട യദുക്കളാകും
വാരാശിയെ താൽ ക്ഷമയായിടുന്ന
തീരം തടുത്തിങ്ങു നിറുത്തിടുന്നു.

59

ബുദ്ധിക്കെഴും ദുഃഖസുഖങ്ങൾ സാംഖ്യ-
ശാസ്ത്രജ്ഞനാത്മാവിനണച്ചിടുമ്പോൾ
നിത്യം ഭടൎക്കുള്ള ജയങ്ങൾ സാക്ഷി-
മിത്രൻ ഭവനായരുളും ജനങ്ങൾ.

60

പേൎത്തും ജരാസന്ധനെ വായുപുത്രൻ
യുദ്ധേ വധിച്ചീടിന നാൾ തുടങ്ങി
മിത്രക്ഷയംകൊണ്ടു സുവാദ്ധ്യനായി-
ട്ടത്രേ വസിക്കുന്നിതു ചേദിഭൂപൻ.

61

പോരാണ്മയത്രേ രിപുവിൻ വിപത്തിൽ
പോരിന്നു പോകുന്നതു മാനിയായോൻ
താരാധിനാഥൻ പരിപൂൎണ്ണനാകു-
ന്നേരത്തു താൻ രാഹുവടുത്തിടുന്നു.

62

ശാസ്ത്രോക്തമായുള്ളൊരു സത്വമൊന്നാം
സത്വം തടസ്സം കലരാത്തതൊന്നാം
ചീൎത്തൊരിരുട്ടും പ്രഭയും കണക്കി-
ന്നോൎത്താലവും രണ്ടിനുമുണ്ടു ഭേദം.

63

പുരന്ദരപ്രസ്ഥമതിന്നു പോകേ-
ണ്ടരാതിതൻ ദിക്കുകൾതോറുമെത്തി
തരുക്കളെല്ലാം ചെറുതാക്കുകസ്സൽ-
കരീന്ദ്രസാന്നിദ്ധ്യവശാൽ ക്ഷണേന.

64

യദുക്കളെല്ലാം വിവധപ്രസാരാ-
സാരങ്ങൾ രോധിച്ചവരായ് വ്രജത്തിൽ
പശുക്കളെപ്പോലെ രിപുക്കളെച്ചെ-
ന്നെത്തിക്ക മാഹിഷ്മതിയാം പുരത്തിൽ.

65

അൎക്കൻ തപിക്കട്ടെ, ദിവം സുരേശൻ
കാക്കട്ടെ; പാൎത്ഥൻ ക്രതു ചെയ്തിടട്ടെ,
നാകം ഗമിക്കാം, രിപുവേ വധിക്കാം,
നോക്കുന്നിതേ സൎവ്വരു മാത്മകാൎയ്യം.

66

ശസ്ത്രങ്ങൾ ശത്രുക്കടെ കണ്ഠനാളം
ഛേദിച്ചുദിക്കും രുധിരത്തിൽ മുങ്ങി
പ്രദ്യോതനാംശുക്കളുമായ് കലൎന്നു-
വിദ്യുത്തിനുള്ളാഭ വഹിച്ചിടട്ടെ.

67

ഇത്ഥം രുഷാ സീരിധരച്ചവാക്യാ
ഭിത്തിക്കെഴും മാറ്റൊലികൊണ്ടു ഭീത്യാ
ചിത്രങ്ങളായ് തത്ര വിളങ്ങിടുന്ന
സുത്രാശനന്മാർ ശരിവെച്ചതാവാം.

68

ചൊല്ലാൻ താലാങ്കവചസ്സിവണ്ണ-
മെല്ലാം ശ്രവിച്ചമ്പൊടു തദ്വിചാരം
ചൊല്ലീടുവാനുദ്ധവനോടു മന്ദം
മല്ലാന്തകൻ കണ്ണിണകൊണ്ടു കാട്ടി.

69

അർത്ഥങ്ങളാൽ ഗൌരവമാർന്നു മേററം
സത്യത്തൊടും ഗർവ്വവിഹീനമായും
സ്തുത്യർഹനാമുദ്ധവർ വിണ്ണവർക്കു-
ള്ളദ്ധ്യാപകൻ പോൽ ഹരിയോടുരച്ചാൻ.

70

നിസ്തർക്കമായ് സീരിയുരച്ചിരിക്കു-
ന്നിത്തവ്വിൽ ഞാൻ ചൊൽവതുഭംഗിയല്ല
പത്രത്തിനാൽ കാര്യമറിഞ്ഞുവെന്നാൽ
വൃത്താന്തമോതീട്ടൊരു സാദ്ധ്യമുണ്ടോ?

71

എന്നാലുമങ്ങുകിവനും ഗുരുത്വം
ചേർന്നോന്നിവണ്ണം ദൃഢമെൻെറ നേരേ
തോന്നുന്നൊരാഭക്തി നിമിത്തമീ ഞാ-
നിന്നല്പമോതാൻ തുനിയുന്നതത്രെ.

72

ചുരുക്കമാമക്ഷരമോടുകൂടീ-
ട്ടിരിക്കിലും വാക്കിനെഴും വിശേഷം
സ്വരങ്ങളെല്ലാം കലരുന്ന പാട്ടിൽ
സ്ഫുരിച്ചിടും ചിത്രതപോലനന്തം.

73

അൎത്ഥങ്ങളില്ലാതെ യഥേഷ്ടമായും
വിസ്താരമായും പറയാമെവന്നും
അൎത്ഥം ത്യജിക്കാത്തവിധം പദത്തെ-
ച്ചേൎത്തോതുകെന്നുള്ളതു ദുഃഖസാദ്ധ്യം.

74

മൃദുത്വമായും ഘനമായുമേററം
ഗുണങ്ങളോടൊത്തു വിചിത്രമായും
സമൎത്ഥരായുള്ളവരന്ത്രകം പോൽ
വിടൎത്തിടുന്നു വര വാണിതന്നേ.

75

വിദ്വൽകുലോത്തംസ! ഭവാന്റെ മുമ്പിൽ
ശാസ്ത്രങ്ങളോതീടുകയെന്ന കാൎയ്യം
വക്താവിനഭ്യാസ ബലത്തിനായി
പ്പേൎത്തും കഥിക്കുന്നൊരു കൃത്യമത്രെ.

76

ഉത്സാഹ മന്ത്രങ്ങളിലാധിനാഥൻ
ഹൃത്താരിൽ നന്നായറിയേണമെന്നും;
വൎദ്ധിച്ച പോരും വിജിഗീഷു തന്റെ
ശക്തിക്കടിസ്ഥാനമിവററയത്രേ.

77

പാരം ബലം പൂണ്ടുപധാനമോടു
ചേരുന്നൊരബ്ബുദ്ധിയെ മഞ്ചമാക്കി
സ്വൈരം ശയിച്ചാലൊരു കാലവും ത-
ദ്ധീരൻ ശ്രമത്തിന്നിഹ പാത്രമാകാ.

78

അല്പം സ്ഥലം തൊട്ടു കടക്കമുള്ളിൽ
കെല്പുള്ള ധീമാൻ ശരമെന്നപോലെ
അല്പൻ പുറത്തായമരുന്നു കല്ലി-
ന്നൊപ്പം ബഹുസ്പൃശിയതെങ്കിലും താൻ.

79

കാര്യങ്ങളല്പങ്ങൾ തുടർന്നു മജ്ഞൻ
ധൈര്യം വെടിഞ്ഞേറ്റമുഴന്നിടുന്നു.
കാര്യം മഹത്തായവ തന്നെ ചെയ്യും
ധൈര്യേണ വാഴുന്നു മഹാനുഭാവൻ.

80

ബുദ്ധിപ്രമാദം കലരുന്നതായാൽ
സിദ്ധിപ്പതില്ലർത്ഥമുപായികൾക്കും
കൃത്യം കിരാതൻ മൃഗമാർഗ്ഗമാർന്നും
സുപ്തൻ മൃഗത്തെ കൊലചെയ്‌വതുണ്ടോ?

81

മാസാധിപൻ ദ്വാദശ സൂൎയ്യമദ്ധ്യേ
പൂഷാവുപോൽ ദ്വാദശ ഭൂപസംഘേ
ഉത്സാഹമേറും നരപാലനത്രേ
നിശ്ശങ്കമർഹിപ്പതുദിക്കുവാനായ്.

82

ശസ്ത്രങ്ങൾ ധീയാം, സചിവൻ നിജാംഗം,
ചാരൻ സ്വനേത്രം, വദനം സ്വദൂതൻ,
ചട്ടററ മന്ത്രം നിജചട്ട,യെന്നീ
മട്ടിൽ പ്രകാശിപ്പവനാണു ഭൂപൻ.

83

തേജസ്സിനൊപ്പം ക്ഷമയും ഗ്രഹിക്കും
കാലജ്ഞനായുള്ളൊരു ഭൂമിപാലൻ
രസങ്ങൾ നന്നായറിയും കവീന്ദ്രൻ
പ്രസാദമോജസ്സിവയെന്നപോലെ.

84

പരങ്കൽ നിന്നിട്ടപകാരമേററം
പരം വികാരത്തെ മറച്ചിടുന്നോൻ
മറയ്ക്കു കോപിക്കുമസാദ്ധ്യനായി-
ത്തരം വരുമ്പോൾ ഗദമെന്നപോലെ.

85

കാൎയ്യങ്ങൾ നേടാൻ ക്ഷമയോടു ചേൎന്ന
പരാക്രമം തന്നെ സമൎത്ഥമാകും;
തൈലം ഗ്രഹിക്കാൻ തിരിയോടു കൂടി
ച്ചേരാത്ത ദീപത്തിനു ശക്തിയുണ്ടോ?

86

ദൈവത്തിലോ പൌരുഷമാം പ്രയത്ന-
ഭാവത്തിലോ പണ്ഡിതർ നിന്നിടാതെ
സേവിപ്പു രണ്ടും ശരിയായ് കവീന്ദ്ര-
ന്മാരൎത്ഥശബ്ദങ്ങളെയെന്നപോലെ.

87

സ്ഥിരാശയൻ നായകനെത്തുണപ്പാൻ
നരാധിപന്മാരിലനേകരുണ്ടാം;
സ്ഥിരം രസത്തിന്നു സഹായമായി-
ത്തീരുന്നു സഞ്ചാരികളാം രസങ്ങൾ.

88

ആവാപതന്ത്രങ്ങളറിഞ്ഞു യോഗാ-
ലധിഷ്ഠിതൻ മണ്ഡിതമണ്ഡലത്തിൽ
നരേന്ദ്രനസ്സൎപ്പഗണത്തിനെപ്പോൽ
വിരോധിവൃന്ദത്തെ മടിക്കമല്ലോ.

89

പാരം പടൎന്നുള്ളൊരു മന്ത്രമാകും
വേരൂന്നിയുത്സാഹമരം വളൎന്നാൽ
പാരാതെയേകും പ്രഭുശക്തിയെന്ന
പേരാം ഫലം ഹന്ത! കരപ്രചേയം.

90

മാഹാത്മ്യവും മുഖ്യതയും നിമിത്താ
മഹീശരെല്ലാം വിജയിക്കുവേണ്ടി
സഹായമായ് നിന്നിടുമംശമെന്ന
മഹാസ്വരത്തിന്നിതരസ്വരം പോൽ.

91

ആരംഭമെന്ന്യേ വിട്ടു മേവിയാലും
പരങ്കൽനിന്നുത്ഭവമാൎന്ന കൃത്യം
പരന്നൊരഭ്രത്തിന്നു ശബ്ദതുല്യം
തീരുന്നിതേ തന്റെ ഗുണത്തിനായി.

92

വിരോധി, പിൻരക്ഷകനാദിയായോ-
രൊരൎത്ഥമാം നൂലിലുടക്കിയോരാം
സ്ഫുരിച്ചിടും നാഥനവൎക്കു മദ്ധ്യേ
വരിഷ്ഠമാല്യേ നടുനായകം പോൽ.

93

ഗൎവ്വല്ല സന്ധ്യാദിരസായനത്തെ-
സ്സേവിക്കണം ശക്തിയെയാഗ്രഹിപ്പോൻ
നിൎവ്വിഘ്നമെന്നാലുളവാം തദംഗം
സൎവ്വത്തിനും സുസ്ഥിരമായ ദാൎഢ്യം.

94

സിദ്ധിച്ചിടാത്തുള്ളവയിൽ ക്ഷമിച്ചും,
ശക്തിക്കു തുല്യം ശ്രമമങ്ങു ചെയ്തും
വൎത്തിപ്പൊരംഗിക്കഭിവൃദ്ധിയുണ്ടാ-
മോൎത്താലുമന്യൎക്കു ഫലം ക്ഷയം താൻ.

95

ഉദാത്തചൈദ്യൻ രിപുവൎഗ്ഗമെല്ലാം
സദാ ഹനിക്കുന്നിതരസ്വരത്തെ
ഉദാത്തശബ്ദാംവിധമാകയാൽ നാം
വൃഥാവമാനിപ്പതു യുക്തമല്ല.

96

ജയിച്ചിടാമെന്നിവനേകനെന്നാ-
യുറച്ചിടൊല്ലൊട്ടു മനേകരോഗം
ക്ഷയത്തിലുണ്ടാമതുപോൽ നരേന്ദ്ര-
ചയത്തൊടൊത്തോൻ ദമഘോഷപുത്രൻ.

97

സപക്ഷനായ് നല്ല ഫലം കലൻ
വിപക്ഷനാശോദ്യതനായ ബാണൻ
ചാപത്തൊടമ്പെന്നതുപോൽ ഗുണത്തെ
പ്രാപിച്ചൊരിച്ഛേദിപനോടു ചേരും

98

തമഃസ്വഭാവം കലരുന്ന കാലൻ,
ദ്രമൻ, ശാൻ രശ്മിയു,മോക്ക സാലവൻ
ഈ മട്ടിലുള്ളോർ പലരൊത്തു ദോഷം
കാമം തികഞ്ഞോരിവനെത്തുണയ്ക്കും.

99

നിന്നോടവൎക്കുള്ള വിരോധമല്പ
മെന്നാകിലും തൽകൃതഭേദമേററാൽ
നന്നായ് ജ്വലിക്കും പവമാനനേററ-
തീൻ്റാലുടൻ കൊള്ളിയിലഗ്നിപോലെ.

100

ബലിഷ്ഠരായോർ തുണനിൽക്കിലോ ദുർ-
ബലനുമുണ്ടാമിഹ കാൎയ്യസാദ്ധ്യം;
വലിപ്പമേറും നദിയോടു കല്യാ-
കുലം കലൻ്റംബുധി പൂകിടുന്നു.

101

ഭവാനെതിത്താലവനററ ധാത്രീ-
ധവാദ്യരും തൽപരിപന്ഥിമാരും
ജവാലവന്നായ് തുണചെയ്യു മന്യർ
തവാന്തികത്തിങ്കലുമാഗമിക്കും.

102

ഈമട്ടു യാഗപ്രതിബന്ധമായി
ബ് ഭൂമീന്ദ്രവൃന്ദത്തെയിളക്കി വിട്ടാൽ
സോമാന്വയോദ് ഭൂതനരാതിരാജ-
സ്തോമാഗ്ര്യനങ്ങെന്നിഹ വന്നുകൂടും.

103

ബന്ധുക്കളുണ്ടെങ്കിലുമിന്നു കാര്യ-
മെന്തും വഹിക്കാൻ ക്ഷമനാം ഭവാനെ
കുന്തീസുതൻ, തന്റെ സഹായിയായി-
ച്ചിന്തിച്ചു യാഗത്തിനൊരുങ്ങിടുന്നു.

104

രിപുക്കളെന്നാകിലുമാശ്രയിച്ചാൽ
പ്രഭുക്കളേ വേണ്ടുന്നതവർക്കു ചെയ്യും
സപത്നിയാം തോടിനെയും സരിത്ത-
ങ്ങയത്നമംഭോധിയണച്ചിടുന്നു.

105

പാരം ബലാത്കാരമരാതിയോടു
ചിരം തുടർന്നാല്പമിണക്കിവെയ്ക്കാം;
വെറുപ്പു മിത്രത്തിനു ചേർക്കിലാക്കും
നിരത്തുകെന്നുള്ളതസാദ്ധ്യമത്രേ.

106

ശത്രുക്കളെക്കൊൽവതമർത്ത്യവൃന്ദ-
പ്രീത്യർത്ഥമത്യുത്തമമായ് നിനയ്ക്കിൽ
സത്രാശനന്മാർക്കു മനം കുളുർക്കാൻ
സത്രം കഴിച്ചാൽ മതിയാകുമല്ലോ!

107

ധീമത്കുലം മന്ത്രസമേതമഗ്നൗ
ഹോമിപ്പതേതാണമൃതായതത്രേ;
ആ മന്ദരത്താൽ ലവണാലയത്തെ
ക്കാമം കടഞ്ഞെന്നതു ശോഭതന്നെ.

108

മാനിച്ചിടേണ്ടുന്ന പിതൃഷ്വസാവോ-
"ടീ നിൻ സുതൻ തന്റെ ശതാപരാധം
ന്നൂനം പൊറുപ്പേനഹ"മെന്നു നീയ-
ന്യൂനം പറഞ്ഞാനതുമോർത്തിടേണം.

109

ധീ തീക്ഷ്ണമേ,കില്ലതു മൎമ്മഭേദം;
പ്രതാപവത്താം ക്രിയ, ശാന്തമെന്നാൽ;
ഉൾത്താപമേകില്ല ചുടും ഹൃദന്തം;
സദ്വാക്യമെന്നാൽ വിപരീതമാകാ.

110

അനിഷ്ടനായ് നീ സ്വയമേകിയോരീ-
യനുഗ്രഹത്തിന്നവധിക്കു മുൻപായ്
ദിനാന്തകാൎയ്യേ തപനോപമം ത-
ദ്വിനാശനേ യക്ഷമനാം ഭവാനും.

111

കൃത്യജ്ഞരാം ചാരരണഞ്ഞു തീൎത്ഥ-
മദ്ധ്യത്തുറപ്പായ് പദമങ്ങു,ചേൎത്തു
ശത്രുക്കളാകും സലിലത്തിനാഴ-
മെത്രയ്ക്കു മാത്രം വരുമെന്നു കാൺക.

112

സദ്വൃത്തി സത്തായ നിബന്ധനാദി
യൊത്തെന്നു വന്നാലുമപസ്വശത്വാ
പററീടുകിൽ ഭൂപനയങ്ങൾ ശബ്ദ-
ശാസ്ത്രത്തിനെപ്പോൽ ശുഭമാകയില്ല.

113

മറച്ചു സത്യം പരമൎത്ഥമെല്ലാം
ധരിച്ചു രണ്ടാൾക്കുമൊരാപ്തനായി
ചരിച്ചസത്യാജ്ഞകൾ കാട്ടി വൈരീ-
കരിയ്ക്കു ദൂതൻ രിപുമന്ത്രിമാരെ.

114

ഉപായമേവം തവ ചാരർ ചൈദ്യ-
ന്നപായമേകാൻ കൊതി പൂണ്ടു വാഴും
നൃപാളിയെദ്ധൎമ്മസുതൻ വസിക്കും
ശുഭാലയത്തിന്നു വരുത്തിടട്ടെ.

115

അത്യാദരം പാണ്ഡുസുതൻ ഭവാനിൽ
പ്രത്യേകമായ് ഭക്തി നടിച്ചിടുമ്പോൾ
പ്രത്യത്ഥികൾക്കുള്ളു ചലിച്ചു വൈര-
ബുദ്ധ്യാ രണത്തിന്നവർ കോപ്പുകൂട്ടും.

116

മുട്ടാതരാതികളൊടൊത്തു വളൎന്നുവന്ന
നാട്ടിന്നധീശർ ചിലരൊക്കെയുമാത്മബോധം
കിട്ടുമ്പൊഴെക്കവരെ വായസസംഘമന്യ-
പുഷ്ടങ്ങൾപോലകലെവിട്ടടനിങ്ങുപോരും.

117

വിരുതു ചെറുതുമില്ലാതുള്ളതാം പക്ഷമാണ്ടോ-
രരികൾ സഹജചാപല്യോദ്ധതത്വാൽ നിമിത്തം
അരികിൽ വരികവയ്യാതുള്ളതാം ത്വൽപ്രതാപ-
പ്പൊരികനലിലെരിഞ്ഞീടട്ടെ പാററകൾ തുല്യം.

118

അരിയൊരു നയമാൎന്നിട്ടന്നയം ദൂരെനീക്കി-
ക്കരളിനു കുതുകം ചേൎത്തൎത്ഥവും വ്യക്തമാക്കി
ഉരസി മരുവിടും ശ്രീ കേൾക്കുമാറുദ്ധവൻ ചൊ-
ന്നൊരു വചനവിശേഷം കേട്ടെഴുന്നേററു ദേവൻ.

# മൂന്നാം സർഗ്ഗം

1

ധനദന്റെ തനതാകും ദിക്കുവിട്ടിങ്ങു തെക്കോ-
ട്ടനവരതമെടുക്കും ചണ്ഡരശ്മിക്കു തുല്യം
മനതളിരിലടക്കുള്ളാശപോയ് സൌമ്യനായി-
ട്ടനഘചരിതനിന്ദുപ്രസ്ഥയാത്രക്കിറങ്ങി.

2

പരിണതശശിബിംബം തോററിടുന്നാതപത്രം
പരിചിനൊടു പിടിപ്പിച്ചങ്ങു പോകും ദശായാം
ധരണിതലപവിത്രം തന്നെ പാദങ്ങളെന്നാൽ
തരണിയതുകളാലപ്പൂജ്യനെത്തൊട്ടതില്ല.

3

തെളിവൊടിരുവശത്തും നൻമൃണാളത്തൊടൊപ്പം
വെളുവെളെ വിലസീടും ചാമരം വീശിടുമ്പോൾ
അളികുലലളിതാംഗൻ ഗംഗ രണ്ടായ് പതിക്കു-
ന്നളവു നടുവിൽ മിന്നുന്നബ്ധിപോലുല്ലസിച്ചു.

4

പല മണികളിണങ്ങിച്ചിത്രമായൂൎദ്ധ്വഭാഗേ
വിലസിടുകനിമിത്താം ധാതുരത്നങ്ങളാലെ
പലതരമൊളികാട്ടീടുന്ന ഗോവൎദ്ധനാഖ്യം
മലയുടെ സഹജത്വം തൽ കിരീടം വഹിച്ചു.

5

കനകകലിതമാകും കുണ്ഡലത്തിൽ തിളങ്ങു-
ന്നനഘമരതകത്തിൻ കാന്തി തട്ടുന്നനേരം
വനജനയനവത്സാ ശോഭ കയ്ക്കൊണ്ടു ബാല്യേ
കനിവിനൊടു ധരിക്കും പിഞ്ഛമാലയ്ക്കു തുല്യം.

6

അടിമുടിയൊരുപോലാ മന്ദരാദ്രിക്കെഴും വൻ-
കൊടുമുടികളതാം നൽ ചാണയിൽ തേച്ചുമൂലം
തുടുതുടെ വിലസീടും രത്നകേയൂര കാന്ത്യാ
കടലടിപണിയുന്നാ കൃഷ്ണനേററം ലസിച്ചു.

7

വലയതതിയിൽനിന്നും ശോണരത്നാഭ തട്ടു-
ന്നളവിഹ ജനനാൽ താൻ താമ്രമാം തൻ നഖാഗ്രാ
ദലിതദനുജവക്ഷോൽഭ്രതരക്തത്തിലപ്പോ
ൾതെളിവൊടു മുഴുകിപ്പോന്നെന്നപോലുല്ലസിച്ചു.

8

കരിമുകിലിടചേൎന്നുള്ളംബരത്തൂടെ രണ്ടായ്
സുരതടിനി ഗമിച്ചെന്നാകിലോ മുത്തുമാല്യാ
ഇരുവശവുമിണങ്ങിപ്പച്ചിലപ്പൂവൊടൊക്കും
ഹരിയുടെ തിരുമാറിന്നൊപ്പമായെന്നുരയ്ക്കാം.

9

കലശജലധിതന്നിൽ ജാതമായ് ദിക്കിലെല്ലാം
കലിതരുചിവളൎത്തും കമ്രമാം കൗസ്തുഭത്തിൽ
നലമൊടു നിഴലിക്കും ലോകമൊക്കെത്തദംഗേ
വിലസിടുമലകെന്നായോൎത്തുപോയ് മൎത്ത്യജാലം.

10

നിരുപമകടിസൂത്രം തൊട്ടു പാദത്തിനററം-
വരയുമിളകിമിന്നും മൗക്തികം മാല കണ്ടാൽ
പെരുവിരലിലുദിച്ചിട്ടൂൎദ്ധ്വഭാഗത്തിലേക്കായ്
സുരനദിയൊഴുകിപ്പോകുന്നതാണെന്നു തോന്നും.

11

ഹരിഹയമണിപാദം കൂപ്പിടും മേചകാംഗൻ
ഹരി കനകദുകൂലം ചാൎത്തി നില്ക്കുന്നനേരം
സരസിജതതിക്കും നല്ലരാഗം പരക്കും
സുരുചിരയമുനാംഭസ്സെന്നു ശങ്കിച്ചു ലോകം.

12

*        *        *        *
*        *        *        *
*        *        *        *
*        *        *        *

13

*        *        *        *
*        *        *        *
*        *        *        *
*        *        *        *

14

*        *        *        *
*        *        *        *
*        *        *        *
*        *        *        *

15

അവരുടെ കൃശമദ്ധ്യം താങ്ങുവാനായ് വലിച്ചി-
ട്ടവികലമുയരുമ്പോലുന്നതത്വം വഹിക്കും
നവരുചികുചകുംഭത്തിന്നെഴും ഭാരമേറ്റേറ-
റ്റവശതയതിയായിട്ടായതാനമ്രമായി.

16

കപടപുരുഷദൃഷ്ടിക്കേവം പാത്രീഭവിച്ചാൾ
സപദിയവൾ മുഖാബ്ജം ലജ്ജയാൽ താഴ്ത്തിമന്ദം,
അപരകളത്രകണ്ടിട്ടീർഷ്യപൂണ്ടേററവും നി-
സ്രൂപമവനെ ഹനിച്ചാർ തൻകടാക്ഷങ്ങളാലെ.

17

അമലസുഷമയും സദ്വൃത്തവും ചേൎന്നു ചക്രാ
ശ്രമരഹിതമണച്ചാനീലമായുല്ലസിക്കും
കമലനയനഹസ്തം മഞ്ജുളാവൎത്തമോലും
ശമനഭഗിനിതന്നോടൊപ്പമാം കാന്തിതേടി.

18

തടവെവിടെയുമില്ലാതുൽക്കടം വൈരിവൎഗ്ഗം
ചൊടിയൊടു പൊടിയാക്കാൻ മൂൎത്തമാം ശക്തിപോലെ
കൊടിയഗദസമീപത്തിങ്കലായ് വാണജസ്രം
നിടില നയനവന്ദ്യന്നേററമാനന്ദമേകി.

19

പരമിഹ തനതാണെന്നുള്ള തോന്നല്ല, വേറെ-
ക്കരുതുകിലതുപോലൊന്നെങ്ങുമില്ലായ്കകൊണ്ടും
പരനതിഭയമുള്ളിൽ സന്തതം ചേൎക്കയാലും
ഹരിയൊരുവനമാത്രാം നന്ദകം സാൎത്ഥമായി.

20

ശ്രുതിപുടമൊട്ടുചേർത്തും സൽഗ്ഗുണം കൃത്യകാലേ
നതിയിലപരമോഹാ വ്യർത്ഥമാക്കിച്ചമച്ചാ
അതിദൃഢത വഹിച്ചും കാർമ്മുകം ശാർങ്ഗമപ്പോ-
ക്ഷിതിരമണസമീപപ്രാപ്തമായാപ്തനെപ്പോൽ.

21

മൃദുപവനനകത്തേറീടവേ വാരിദത്തിൻ
തതികളൊടു സമാനം മന്ദ്രമാം നാദമോടെ
യദുകുലവരനാകുന്നർണ്ണവത്തിൻ സമീപ-
ത്തതിരുചിയൊടുമിന്നീ പാഞ്ചജന്യം മരാളം.

22

ഇളയിലെവനുമുണ്ടാം മോഹമേകുന്നതായും
തെളിവൊടെതുവഴിക്കും പോകുവാൻ യോഗ്യമായും
ഒളിയെഴുമൊരുപുഷ്യ സ്യന്ദനാ ക്ഷിപ്രമേറി-
ക്കളിർമതിയൊടുനേരായ് ശൗരി ശോഭിച്ചുപാരം.

23

കൊടിമരമതിൽവാഴും പന്നഗാരിക്കെഴുന്ന-
ല്ലുടലിഹനിഴലിച്ചാരത്ത ഭ്രമൗ പതിച്ചു
കൊടിയ ഫണിഗണത്തിൽ ഭീതിചേർക്കാൻ ധരിത്രി-
ക്കടിയിലണയുവാനായ് പോവതെന്നോർത്തുലോകം,

24

മുരരിപു നടകൊള്ളുന്നേരമുൎവ്വീധരത്തിൻ
നിരകൾ പൊളിയുമാറായ് പൊങ്ങിടും വാദ്യഘോഷം
ധരയിലപരശബ്ദം ശൂന്യമെന്നാക്കിവാരാ-
കരസലിലമൊഴുക്കാലന്യനീരം കണക്കേ.

25

ഫണഗണമതിമാത്രം ഭാരമേററാനമിക്കേ-
ത്തുണനിജഭുജജാലംകൊണ്ടു ചെയ്താനനന്തൻ
ഫണിവരനതിവേഗം ലോകമൊക്കെദ്ധരിപ്പോ-
നണയുമൊരു ദിഗന്തന്തോറുമെത്തുന്ന ചോടെ.

26

ഉയരമധികമേറും തോരണാന്തട്ടുമെന്നാം-
ഭയമൊടു കൊടിയെല്ലാം താഴ്ത്തിയസൈന്യസംഘം
സചയമമലപുമാനെസ്സാദരം പിന്തുടർന്നു
ക്രിയകളുടെ വിപാകം തത്തദാത്മാവിനെപ്പോൽ.

27

കരിനിരകൾ പൊഴിക്കും പാടലാനീലമായു-
ള്ളൊരു മദസലിലത്താൽ സചർണ്ണഭൂരേണുജാലം
ചെറിയ ചെറിയ പിഞ്ജരക്ഷോദതുല്യം ലസിക്കും
സരണികളിൽ നിരന്നാസ്യന്ദനൗഘം ഗമിച്ചു.

28

ചരണഹതികളേററും സ്വർണ്ണഭൂമീപരാഗം
നരവരനിവഹത്തിൻ മൗലിലംഘിച്ചതില്ല
കരുതുകിലതുമാത്രംപോര, പൊങ്ങീല,യേവം
ഗരിമയുടെ ഗുണത്തെക്കാട്ടി സത്തക്കുതുല്യം.

29

യദുവരരതി യത്നംചെയ്തു നന്നായ് തടുത്തും
കുതിരകൾ നിജപാദം പൊക്കിനില്ക്കുന്ന കണ്ടാൽ
പദവിയിലിടതിങ്ങിപ്പൊങ്ങി രോധിച്ചുനില്ക്കും
മദകരികളെ ലംഘിച്ചോട്ടുവാനെന്നുതോന്നും.

30

തെരുവിലമിതമോദാ മണ്ണുവാരിക്കളിക്കും
ചെറിയ ശിശുഗണത്തെക്കണ്ടുടൻ സാദിസംഘം
തുരഗഗതിനിവൃത്താൻവൽഗയുക്കായ് വലിക്കെ
ത്വരിതമവരെ ദൂരെത്തള്ളമാർ വന്നുമാററി.

31

തെരുതെരെ ജനസംഘം രഥ്യതോറും നിരന്നാർ
മുരരിപുഭഗവാനെക്കാണ്മതിന്നുള്ള മോഹാൽ
ചിരപരിചിതനാണെന്നാകിലും സ്നേഹമുള്ളിൽ
പെരുകുമവനെ നിത്യം പുത്തനായ് തോന്നുമാക്കും.

32

ഭടജനമിടതിങ്ങിപ്പാരമുഛ്വാസവിഘ്നം
തടവിനവഴിയേപോം തേക്കെഴും മന്ദയാനാ
നെടിയപുരിയെ നോക്കിപ്പോകയാൽ സവ്വിദ്വാ-
ന്മുടിമകുടമറിഞ്ഞില്ലേതുമക്കാലമുള്ളിൽ.

33

കനകമതിലിനാലെല്ലാടവും പിംഗളശ്രീ
ഘനതരമുളവാക്കീട്ടബ്ധി മദ്ധ്യേ വിളങ്ങും
അനുപമപുരമംഭസ്സാശു ഭേദിച്ചുദിച്ചു-
ള്ളൊരു നവ ബഡവാഗ്നിജ്വാലപോലുല്ലസിച്ചു.

34

ജലധിസലിലമൊന്നായ് ചുററിയും കാശ്യപീഭൃൽ-
കുലമനവധി നിത്യം വേശ്മമായ് സ്വീകരിച്ചും
വിലസിനപുരിയൂഴിത്തട്ടുതൻ ഛായയായി-
ജ്ജലജതനയനേവം സൃഷ്ടിചെയ്യുന്നു തോന്നും.

35

സുമഹിതസുരശില്പിക്കുള്ള സാമർത്ഥ്യവായ്പി-
ന്നമിത നിലകുറിക്കും തല്പുരം കണ്ടലോകം.
അമലമുകുരമൊക്കും സിന്ധുതോയെ പകർന്നി-
ട്ടമരനഗരമാണിക്കാണ്മതെന്നോർത്തുപോയി.

36

പരിചൊടു പതിയാകും കൃഷ്ണനായേകിയോര-
പ്പുരിയെയുദധിയങ്കത്തിങ്കലായ് വെച്ചശങ്കം
പുരുരസമുപകണ്ഠം മൌക്തികശ്രേണിയാലെ
തിറമൊടുമണിയിച്ചാനുത്തമൻ താനനെപ്പോൾ.

37

തിരകളിളകിയാടിച്ചാടവേ കൂടെയെത്തും
ദരനികരമടിക്കായ് മിന്നിടും കോട്ടയോത്താൽ
പരിസരദിശി ശോഭിക്കുന്ന താരങ്ങളോല്യ-
ന്നരിയൊരു കനകാദ്രിപ്രസ്ഥമൊത്തുല്ലസിച്ചു.

38

സ്ഫുടമിഹ ജലമോടുന്നോടതൻമാർഗ്ഗമായി-
ക്കടകളിലതു ലാഭാക്കൂട്ടിടും രത്നമെല്ലാം
ചൊടിയൊടു പലവട്ടം മോഷണം ചെയ്കയാലി-
ക്കടലിനു കുറവെന്യേകിട്ടി രത്നാകരത്വം.

39

ഉദകകണമൊലിച്ചും കാന്തിമങ്ങും വിധത്തിൽ
പതകളഥമറച്ചും മിന്നിടും രത്നജാലം
ഉദധി വെയിലിൽ വാട്ടാനെന്നപോൽ തൽപ്രദേശേ
ചിതമൊടലകളാകും കൈകളാലെ നിരത്തി.

40

അലകളുയരമേറും സാലജാലം ജയിക്കാൻ
പലകുറി ബലമായിപ്പൊങ്ങിയൊട്ടൊട്ടടുത്തും
ഫലമൊരു ലവലേശം കണ്ടിടാതാശ്രുതാണ-
ജ്ജലമൊടു വിലയിച്ചു ലജ്ജകൊണ്ടെന്നപോലെ.

41

പെരിയൊരുകുതുകം പൂണ്ടുള്ളിലെത്തുന്നതിന്നാ-
യരികിലുപഗമിക്കെക്കോട്ട രോധിക്കമൂലം
കരിമുകിൽപുറമേ നിന്നൊട്ടു ശബ്ദിച്ചു ബാഷ്പം
ചൊരിവതിനു തുടങ്ങീയംബുവർഷഛലത്താൽ.

42

വനിതകളതിലുള്ളോർക്കൊപ്പമാകാതിരിക്കാൻ
ഗുണമതിലൊരു ഭേദം ചെയ്യുവാൻ സ്വവധൂക്കൾ
വിനയമൊടുരചെയ്യെ സ്വപ്രജാവൃന്ദമേവം
മനമഹിമയിൽ നിമേഷാങ്കത്തൊടും സൃഷ്ടിചെയ്താൻ.

43

ശശികിരണസമൂഹം തട്ടവേ കാന്തിയൊന്നായ്
ദിശിദിശിമറവോലും സ്ഫാടികം മേടയേറി
നിശയിൽ വിലസിനിന്നാർ നാരിമാരംബരാന്തേ
ഭൂശമൊളിതിരളുന്നൊരപ്സരസ്സെന്നപോലെ.

44

ജലദമടിയിലാണെന്നാകിലും ചന്ദ്രകാന്ത-
ശ്ശിലപണിതു രചിച്ചിട്ടുള്ള ഹർമ്മ്യങ്ങൾതോറും
നിലകവിയെ ലസിക്കും നൽ പ്രണാളീസമൂഹം
ജലമൊഴുകിയഭംഗം രാത്രിതോറും തെളിഞ്ഞു.

45

കുളിർമതിയുടെ തേജസ്സുള്ളിൽ വൈഡൂര്യഭിത്തി-
ക്കൊളി വളരെ വളർത്തിജ്ജാലമാർഗ്ഗത്തിലൂടെ
തെളിയുമളവു ദീപം വ്രീളയാ നീക്കി വാഴും
കിളിമൊഴിയതു മാർജ്ജാരാക്ഷിയെന്നായ് ഭയന്നാൾ.

46

ഉരുതരമിനസത്താൽ രത്നഭിത്തിക്കു ചിത്രം
വിരവിനൊടു വരയ്ക്കാൻ ശക്തരാകാതെ നില്ക്കും
തരുണർ നിജ വപുസ്സിൻഛായയാൽ ജീവചിത്രം
തരമൊടതിൽ രചിച്ചാരെന്നപോലാക്കിയത്രെ.

47

നിറമതിനു സമത്വം വായ്ക്കയാൽ കണ്ടിടാതായ്
സരസിജമിഴിമാർതൻ ബിംബിതാംഗങ്ങളെന്നാൽ
വിരഹകദനഭാരാൽ പാണ്ഡുഗണ്ഡങ്ങൾ മാത്രം
വരമണിമുകുരംപോൽ കാഞ്ചനത്തൂണിൽമിന്നി,

48

ശ്രുകതനു രുചിതോല്ക്കും ദേഹളീരത്നകാന്തി-
ത്തികവൊടിടകലൎന്നാനീലമാം ശോഭതേടി
അകമലരിനുമോദം ചേൎത്തിട്ടും ദ്വാരദേശേ
പികസമമൊഴിമാരഗ്ഗോമയം ചേൎത്തതില്ല.

49

വളഭികളിൽ നിരന്നാ നീലകണ്ഠങ്ങൾ വാഴു-
ന്നളവിലതി മനോജ്ഞാ തൂങ്ങിനില്ക്കും കലാപം
കളഹരിതതൃണത്താൽ തീൎത്ത നീവ്രങ്ങളെപ്പോ-
ലൊളി ബതനിലയങ്ങൾക്കൊക്കയും ചേൎത്തിതേററം.

50

അതുല്തുലകളാൻറും ചിത്രപംക്ത്യാ വിചിത്ര-
ദ്യുതിതടവിവിതാനശ്രേണിചേൎന്നു വിളങ്ങാ
പൃഥുതര ബഹുശാലാരമ്യമാം ഹൎമ്മ്യകാന്ത്യാ
കുതുകമെവനുമേകിത്തല്പുരം ലാലസിച്ചു.

51

കുളിരണിനിലയത്തിൻതുണിൽ നിൎമ്മിച്ച പച്ച-
ക്കിളികളെയുടനെ ചെന്നാക്രമിക്കാൻ വിലാളം
ഗളമൊട്ടുമടൽനീട്ടിച്ചേഷ്ടയെന്യേ വസിക്കെ
കളവതു കരസ്പൃഷ്ടാതന്നെയെന്നോൎത്തു ലോകം.

52

ചടുലനയനമാരിഭ്രൂമിയിൽ തന്നെ വാണും
സ്ഫുടമവർ വദനത്താൽ ചന്ദ്രനെത്താഴ്ത്തിവെച്ചാർ
ഉഡുഗണമതി ലംഘിക്കുന്നതാം ഹൎമ്മ്യമേറി-
പ്പുടുതയൊടു വസിക്കാനോൎത്തതും വ്യൎത്ഥമത്രേ.

53

നമിതവരവലീകംരമ്യഭാവംപതാകാ-
വലികളിവകലൻും, തൻവിവിക്തസ്വഭാവാൽ
വളരുമൊരനുരാഗം ചേൎത്തുമങ്ങുല്ലസിക്കും
വളഭിയുവജനത്താൽ കാന്തമാരൊത്തിണങ്ങി.

54

പരമിഹ ജനനംതൊട്ടത്ര സൌരഭ്യമേന്തും
ഹരിണമിഴികൾ വക്ത്രം, മദ്യവീരണ്ടുമോൎത്താൽ;
തരുണരിലതിമാത്രം തോഷമേറവന്നതിന്നായ്
പെരുകിയൊരു സുഗന്ധാമൃത്തൊടന്യോന്യമേകി.

55

നിലയരുചിര ലിലാവേദിതൻപക്ഷിമാല-
പ്പലകകളിൽ വിളങ്ങും പത്രിസംഘാസമസ്തം
ചലമിഴിമണിമാർ തൻ ശബ്ദമൊട്ടൊട്ടുകേട്ടി-
ട്ടലമവരൊടു ശിഷ്യപ്പെട്ടുവോയെന്നു തോന്നും,

56

പനിമതിമുഖിമാരങ്ങായയപോൽ മൂടിയാലും
തന്നസൃഷ്ടമശരീക്കങ്ങംബരാ തത്ര കാട്ടി.
തനതിലതുവഹിക്കും പേരിനാൽ മാത്രമല്ല-
ഗ്ഗുണഗണമതുകൊണ്ടും പൂണ്ടിതാകാശസാമ്യം

57

കുടിലത, മലിനത്വം, സീമയില്ലായ്മകൊണ്ടു
ള്ളുടവുകളിവക്രൂടാതായതിക്കൊത്തിണങ്ങി
തടവൊഴികെ വിളങ്ങും മാർഗ്ഗമായ് രണ്ടുമെട്ടും
വടിവൊടടിപിഴക്കാതേവരും സഞ്ചരിച്ചാർ

58

വിധി, മധുമൊഴിമാരെ തമ്മിലീർഷ്യപ്പെടുംമ-
ട്ടതിസുഭഗതയാളും മേനിയോടെ രമിച്ചു
ഘൃണകൃതവരവർണ്ണംപോലെയാണബ്ധി പുത്രീ-
ജനനമിതി കഥിക്കും വാക്യമില്ലാതെയാക്കി.

59

മനസി മനുജരോർത്തീടുന്ന വസ്തുക്കളെല്ലാ-
മനിശമമരശാഖിപ്രാതമേകുന്നമൂലം
അനുദിനമവിശങ്കം തത്രവാഴും ജനത്തിൻ-
ധനചയമനുമിക്കാൻ ശക്തനായില്ലൊരാളും.

60

സകലകലകളാൎന്നും, സൗധ ധാവള്യകാന്തി-
ത്തികവിലവനിമുക്കീട്ടേററവും വെണ്മചേൎത്തും
പുകഴൊടു നിവസിക്കും രൗഹിണേയന്നുതുല്യം
സുഖമവിടെ വസിച്ചാൻ രോഹിണീജാനിതാനും.

61

പരമശിവനെഴും വൻശക്തി ബാണാഹവത്തിൽ
തിറമൊടു നിജശക്ത്യാ വന്ധ്യമെന്നാക്കി വാഴും
മുരരിപുഭഗവാൻ തൻ സന്നിധൗ ജൈത്രബാണം
കരതലമൊടുചേൎത്താശ് ശ്ശുപ്പ്കാരാതി നിന്നാൻ.

62

ചിരമനഘമരുത്താലെപ്പൊഴും സേവ്യനാകും
ഹരിയുടെയധിവാസസ്ഥാനമായ്, രത്നജാലം
നിരവധിയുളവാകും സാഗരത്തിൽ തിളങ്ങും
പുരമതു സുരലോകം മേരുവിൽപോൽ വിളങ്ങി.

63

മധുകരനിറവും, സദ്വൃത്തവും, ചേൎന്നിണങ്ങും
മധുരിപു ഭുവനത്തിൻ ചിത്രകത്വം വഹിപ്പോൻ
മധുരമൊഴിമണിമാൎക്കാപ്പൊട്ടുപോൽ വൎണ്ണകാന്ത്യാ
മധുരിമ മതിരുന്നോരായതിന്നാഭക്രുട്ടി.

64

നിരുപമ ബലമാൎന്നോൻ തൽപുരം കണ്ടുകണ്ടു-
സ്സുരവരദിശി മിന്നും രഥ്യയിൽ ചെന്നുചേൎന്നാൻ
സുരബലമൊടുതുല്യം വജ്രശോഭാഭിരാമം
തെരുവതു പരവൎഗ്ഗോല്ലംഘ്യമായീലയപ്പോൾ

65

അജനുടെ മുഖപത്മം തന്നിൽ നിന്നാഗമംപോൽ
പ്രജകൾ കമലനേത്രാംഗത്തിൽ നിന്നെന്നമട്ടും
മൃഡജടകളിൽനിന്നുഗ്ഗംഗപോലേയുമേററം
ഭടജനമതിൽനിന്നും നിൎഗ്ഗമിക്കാൻ തുടങ്ങി.

66

അതിരയമിടതിങ്ങിപ്പോകയാൽ വൽഗയോരോ-
ന്നിതരമൊടു തൊടുക്കുന്നേരമേററം ചലിക്കും
കുതിരകളിൽ വസിച്ചാജ്ജാനുഭാഗത്തിലെല്ലാം
ക്ഷതിപരമുളവായിസ്സാദിസംഘം ഗമിച്ചു.

67

അതിർകവിയെയടുക്കും ക്രൂരിരുൾക്കൂട്ടമെല്ലാം
ദ്രുതമകലെയകററീടുന്ന ദീപത്തിനൊപ്പം
പദവിയിലിടയെന്യേ നിന്നിടും പ്രാണിവൎഗ്ഗം
മദഗജനിരമാററി സ്വൈരമായ് സഞ്ചരിച്ചു.

68

തരയതധികമായിപ്പോകവേ കുണ്ടിൽവീഴം
പെരിയൊരു രഥമെല്ലാം വാഹകൻ വൽഗയേററം
വിരുതിനൊടു പിടിക്കെക്കൊണ്ടമല്പം കുനിച്ചു-
ത്തുരഗനിവഹമേററീക്ഷോണിയിൽ ക്ഷീണമെന്യേ.

99

ബലസഹജൻമേവം പട്ടണം വിട്ടമൂലം
വലയമിഹകരത്തെപ്പോലവേ രഥ്യയെല്ലാം
ബലനിവഹമപേക്ഷിച്ചപ്പുരം കണ്ടനേരം
പലരുമഹിതരായീ ദ്വാരകാതത്തിലോത്താൽ.

70

ഇരുളൊളിതിരളും നൽ പത്രജാലം പരക്കും
തരുനിരകൾ നിറഞ്ഞാനീലമായ് തീരഭൂവിൽ
തിരകളനിശമേററം ശൈവലംപോലെ കണ്ടാൻ
മറുകരയിൽ വിളങ്ങും കാനനം കഞ്ജനാഭൻ.

71

വിടപികളഭിരാമശ്രീവഹിച്ചും ഘനത്തോ-
ടിടയുമൊളികവൻും, ഗുല് മകാന്താനുഷംഗം
വടിവിലനുഭവിച്ചും ചാരുരത്നാകരത്തിൻ
തടഭുവിനിജതുല്യം നില്പതീക്ഷിച്ചു ശൗരി.

72

ധരയിലഥ ശയിച്ചും, മേഘതുല്യം നദിച്ചും,
നരനിരകൾ വമിച്ചും, ഭംഗഹസ്തം ചലിച്ചും
സരിദധിപതിതന്നെക്കണ്ടപസ്മാരിയെന്നായ്
കരളിലളിനിഭാംഗന്നേററമാശങ്കയുണ്ടായ്.

73

ഉദകനിധി നിതാന്തം പൊങ്ങിടും ദാഹവായ്പാൽ
കുതുകമൊടു കുടിച്ചിട്ടുള്ളുടം വീക്കയാലെ
വിധുരുചിയതുപോലിങ്ങുദ്വമിച്ചെന്നു തോന്നും
വിധമധിതടമെങ്ങും മൗക്തികശ്രേണി കണ്ടാൻ.

74

ഭുവനതലമശേഷം ഭൂരിശബ്ദത്തൊടെത്തി-
ജ്ജവമതിനെ നനയ്ക്കാൻ തക്കതായുള്ള വെള്ളം
നവജലദകദംബം വന്നൊരേടത്തു നിന്നും
കവരുവതളിവർണ്ണൻ കണ്ടു കൊണ്ടാടിയേററം.

75

യതികൾ മറയിൽനിന്നങ്ങർത്ഥമാർജ്ജിച്ചു തീക്കും
സ്മൃതികളഖിലവും ചെന്നായതിൽ ചേർന്നിടുമ്പോൾ
മദിരമമൃതമൊന്നായ് സംഗ്രഹിച്ചാശു തീക്കും
നദികളുദധിയിൽതാൻ വീണ്ടുമെത്തുന്നകണ്ടാൻ.

76

വിരുതൊടു വിലയേറും സാധനം വിററു ലാഭം
നിരവധി കരതാരിൽ ചേൎത്താരാ നാവികന്മാർ
പരമവിടെ ലഭിക്കും സൽപദാൎത്ഥങ്ങൾ വാങ്ങി-
ത്തരണികളിൽ നിറച്ചീടുന്നതും കണ്ടു ദേവൻ.

77

കടലിനടിയിൽനിന്നും പൊങ്ങിടാനുദ്യമിക്കും
കൊടിയ ഫണിവരന്മാരാകെ നിശ്വാസശക്ത്യാ
ഝടിതി സലിലമേറും ഭക്തികൊണ്ടെന്നപോൽ തൽ-
കൊടിമരമൊടുനേരായ ശ്രമം പൊക്കിയൂക്കിൽ.

78

പ്രലയസമയവും തൻ ബന്ധുവായങ്കശയ്യാ-
തലമതിൽമരുവീടും ദേവനെക്കണ്ടനേരം
വലിയ തിരകളാകും കൈകൾ നന്നായിനീട്ടി-
ജ്ജലധിയുമെതിരേററാനെത്രയും നന്ദിയോടെ.

79

ജലകണമുടൽ തന്നിൽ ചേൎത്തു മേലാവനത്തിൽ
പലകുറിവിഹരിച്ചും വന്നുടൻ മന്ദവാതം
ജലനിധിയുടെ തീരത്തൂടെ വേഗം നടക്കും
മലർമകൾമണവാളൻ തൻ വിയപ്പൊക്കെ നീക്കി.

80

അധികമുയരമോലും സാലജാലം തകർത്ത
ക്ഷിതിയിലുടനടിക്കും കാററിനാൽ കേതകൗഘം
ക്ഷതിപരമുളവാകും മട്ടിലാടുന്ന വാരാ-
ന്നിധിയുടെ വർകച്ഛംതന്നിലാസ്സൈന്യമെത്തി.

81

നലമെഴുമിലവങ്ങപ്പൂക്കളാലുള്ള മാല്യം
തലയിലവർ ധരിച്ചും നല്ലിളന്നീർ കുടിച്ചും
തെളിവൊടിളയപാക്കങ്ങാസ്വദിച്ചിട്ടുമേവം
ജലധിയുടെ വിരുന്നേററേവരും തുഷ്ടരായി.

82

ക്ഷോണീഭൃത്തുകളെത്തകർത്തു വഴിയിൽ
　　ശ്രീനിത്യമാർന്നും ഹയ-
ശ്രേണീസംയുതമായ് തിരിച്ച ഹരിസേനയ്ക്കും
　　ഗതശ്രീയോടും
ക്ഷോണീഭൃന്മഥനങ്ങളേററൊരു തുരം-
　　ഗത്തിൻ പിതൃതാപത്തോടും
വാണീടും കടലിന്നുമപ്പൊഴുളവായ് തമ്മിൽ-
　　ത്തുലോമന്തരം.

# നാലാം സൎഗ്ഗം

1

നാലാഴിമേഖലപിളൎന്നിഹ രത്നകാന്ത്യാ
സ്ഥൂലാഹി നിശ്വസനധൂമമുയൎന്നപോലെ
നീലാശ്മരശ്മിയൊടു ധാതുക്കുലം തിളങ്ങും
ചേലാൎന്നരൈവതകമൻപൊടു കണ്ടു ശൗരി.

2

അത്യുച്ചമാം ശിലകൾതോറുമുയൎന്നുയൎന്നു
പ്രത്യഗ്രനീരദകദംബമമൎന്നമൂലം
പേൎത്തും ദിനേശപഥമൊന്നു തടഞ്ഞിടാനായ്
വർദ്ധിച്ചവിന്ധ്യനു സമാനമതുല്ലസിച്ചു.

3

മിന്നുംമണിപ്രകരമാൎന്ന സുവർണ്ണസാനു
തന്നാലുമുജ്ജ്വലശിലാസിത കാന്തിയാലും
നന്ദ്യാവിളിച്ചളികളെത്തരസാ വരുത്തും
വന്യങ്ങളാം ലതകളാലുമിണങ്ങി ശൈലം.

4

എണ്ണം കവിഞ്ഞൊരു ശിരോമലപാദപംക്ത്യാ
വിണ്ണും മഹീതലവുമാൎന്ന ശശാങ്കനേയും
അൎണ്ണോജബന്ധുവെയുമക്ഷിപദത്തിൽ വച്ചീ-
വണ്ണം വിളങ്ങുമിവനിന്നു ഹിരണ്യഗൎഭൻ.

5

നീരാകെ വാൎന്നുവശാൽ ധവളാംശുകത്തിൻ
നേരായ് ഘനങ്ങൾ ചിലദിക്കിലമന്നമൂലം
സൈ്വരം ഭവാനി തഴകീട്ടിടവിട്ടുമിന്നും
ചാരംപരന്ന ശിവനോയിവനെന്നുതോന്നും.

6

പൊങ്ങും മദാലസതപൂണ്ട വധൂവചസ്സിൻ
ഭംഗ്യാ രസിച്ചുമരുവും ഖഗപാളികൾക്കായ്
തിങ്ങിട്ടുളങ്ങൾ വിലസും ജലജാതപത്ര-
മെങ്ങുംനിരത്തി നിഴലേകി വിളങ്ങി ശൈലം.

7

സ്കന്ധങ്ങളോടണയുമുജ്ജ്വലനീലകണ്ഠ-
മേന്തി ഭുജംഗപരിശോഭിതമായ് തരുക്കൾ
കാന്ത്യാചലിപ്പൊരു ലതാഭുജമാൎന്നിതിങ്ക-
ലന്തംവിനാ വിലസി രുദ്രഗണത്തിനൊപ്പം.

8

കൎണ്ണപ്രസൂനസമമുല്പലമുല്ലസിച്ചും
ഗണ്ഡങ്ങൾപോലരിയ ലോദ്ധ്രമഹോ പരന്നും
എന്നും മണൽത്തറകൾ പായലിതൊക്കെയൊന്നും
മിന്നുന്ന പൊയ്കകളിതിന്നൊളിപാരമേകി.

9

വൃക്ഷങ്ങളാലരുണതാപമൊഴിച്ചുമബ്ജ-
ലക്ഷങ്ങൾകൊണ്ടളികളെ ബ്ഭൃത സൽക്കരിച്ചും
രക്ഷോവരാൎത്തിയമരാംഗനമാൎക്കകററി
രക്ഷിച്ചുമുന്നതമഹീധരമുല്ലസിച്ചു.

10

ദാമോദരന്റെ കുതുകത്തിനു ദേവവൃന്ദം
ഹേമാദ്രിശൃംഗനിരചേൎത്തു വളൎക്കയാലെ
കാമംലസിക്കമിവനുള്ള ഗുണംപുകഴ്ത്തും
ശ്രീമൽ കവീന്ദ്രമൊഴിമാത്രമസത്യമാകാം.

11

നിസ്തുല്യമായൊളിവളൎത്തിയഖണ്ഡനീയ-
പ്രസ്ഥങ്ങളിൽ തെളിയുമുത്തമരത്നസംഘം
അത്യന്തമൎത്ഥമിയലുന്ന വണിക്കിനൊപ്പം
നിത്യം ജനത്തിനവനീധരമേകി വന്നു.

12

ഘോരാതപം തടവുമർക്കനടുത്തു നിൽക്കേ
പാരാതെ തത്തടമണഞ്ഞരവിന്ദജാലം
നേരായ് ചരിച്ചു മധുവുണ്ടണുപോലുമാർത്തി
ചേരാതെതന്നെ മധുപാളി മദിച്ചുവാണു.

13

ഉന്നിദ്രപുഷ്പനയനങ്ങളനേകമേന്തി
ത്തന്നിൽ തിളങ്ങുമവനീരുഹമോടിണങ്ങി
ചന്ദ്രാഭിരാമരുചിചേർന്നൊരു ഗണ്ഡശൈല-
മിന്ദ്രാധിരൂഢഗജമോടെതിരായ് വിളങ്ങി.

14

സൂര്യന്റെ തേർക്കുതിരകൾക്കരുണൻ നിമിത്തം
ചേരുന്ന പാടലനിറങ്ങളൊഴിച്ചു ശൈലം
ഭൂരിപ്രകാശമിയലും ഹരിതാശ്മരശ്മ്യാ
സ്വൈരം തദീയരുചി പിന്നെയുമേകിടുന്നു.

15

നീലാംബുദാളി നിയമേന പൊഴിച്ചിടുന്ന
കീലാലമത്തരുകുലത്തെ നനയ്ക്കുമൂലം
സ്ഥൂലാഹിവൃന്ദമനിശം പിരിയാതെ വാണും
ഹാലാഹലാഗ്നിഭയമററവയുല്ലസിച്ചു.

16

അംഭോജബാന്ധവകരം ദിനകാന്തകാന്ത-
സമ്പൎക്കമൊന്നുലമഗ്നിവമിപ്പതോൎത്താൽ
മന്മേതിലും മഹിമപാത്രഗുണം നിമിത്തം
സംഭൃതമാമെതിനുമെന്നതു നിൎണ്ണയിക്കാം.

17

വായ്ക്കും പ്രമോദം ഗിരി, തന്നെനോക്കി
നില്ക്കും മുരാരിക്കനിശം വളൎത്തി
നോക്കുമ്പൊളൊക്കെപ്പുതുതെന്ന ചിന്ത
ചേൎക്കുന്നതാം മോഹനമായ രൂപം.

18

ഖഗസങ്കുലനാദമെങ്ങുമോലും
നഗരാജാകൃതി കണ്ട കൗതുകത്താൽ
മുഖമങ്ങിനെ പൊക്കി നോക്കിനിൽക്കും
ഭഗവാനോടുരചെയ്തു ദാരുകൻ താൻ.

19

അത്യച്ഛമായരിയ ഗോവിനെയാക്രമിച്ചും
പേൎത്തും ദിഗംബരമിവൎണ്ണമഹോ മറച്ചും
മൂൎദ്ധാവിലിന്ദുകല യാൎന്നമരും ഗിരീശ-
നോൎത്താലെവൎക്കു കുതുകം ഹൃദി ചേൎപ്പതില്ല.

20

അരുണനൊരുപുറത്തായൂർദ്ധ്വകാന്ത്യാ തെളിഞ്ഞും
ചരമമിഹ ശശാങ്കൻ മറെറാരേടത്തിലാൎന്നും
മരുവിടുമിവനേററം കാന്തി കൈക്കൊണ്ടിടുന്നു-
ണ്ടിരുമണികളിണങ്ങും വാരണേന്ദ്രൻ കണക്കെ.

21

കനകകളംവിളയും സുവർണ്ണഭൂമീ-
നിരകൾ നിറഞ്ഞുമരുന്ന ശൈലരാജൻ
സുരുചിരകനകാംശുകത്തിനാലെ
പരമൊളിചേൎന്ന ഭവാനു തുല്യനത്രേ.

22

ചന്ദ്രന്റെ പശ്ചാൽപുറമങ്ങു തത്തടം
തന്നിൽ ചരിക്കുന്ന ജനങ്ങളൊക്കയും
എന്നും കളങ്കം കലരാതെ കാണുവോർ
തന്വംഗിമാർ തൻ വദനം കണക്കിനേ.

23

സാനുപ്രദേശങ്ങളിൽ നിന്നു പാറമേൽ
വീണാശു ചിന്നിത്തടിനീകദംബകം
വാനിൽ സുരസ്ത്രീകടെ മെയ്യണഞ്ഞവർ-
ക്കാനന്ദമേകുന്നു ജരാത്തരേന്നപോൽ

24

മിന്നൽകോളോടിളകിനഘനം ചാതകങ്ങൾക്കു ദാഹം
നന്നായ്ത്തീരുംവിധമുദകമേകത്ര വർഷിച്ചിടുന്നു
സ്വർണ്ണശ്രീപോലരുണകിരണം തട്ടവേ മററാരേടം
കുന്നിച്ചീടും കപിശനിറമായ് ഹന്ത! ശോഭിച്ചിടുന്നു.

25

ധരാധരമുഖ്യക്കളെ തഴുകിടുന്നതായിന്ദുതൻ
കരാവലികലന്നതായ് വിലസിടും സ്വശൃംഗങ്ങളാൽ
നിരാകുലമുയൎത്തവേ ഗഗനമിങ്ങുതാഴുംവിധം
വിരാജിതനദങ്ങളൊട്ടുയരെനിന്നു വീഴുന്നിതേ.

26

തടഭുവി വിലസീടും നീലരത്നങ്ങളാലും
സ്ഫടികശിലകളാലും മിന്നിടും നിമ്നഗൗഘം
ദിനകരസുതയും നൽ ഗംഗയും ചേൎന്നുദിച്ചോ-
രനുപമരുചി തേടീടുന്നഹോ മിക്കവാറും.

27

വാമാക്ഷിമാരമരസുന്ദരിമാരൊടൊത്തോർ
സീമാതിരേകരതി കാന്തനിലാൎന്നിടുന്നോർ
ഹേമാദ്രിസാനുസമമായിഹ ശോണരത്ന-
സ്തോമാഭമാം തടമണഞ്ഞു രമിച്ചിടുന്നു.

28

സുധാധവളകാന്തമാം രജതഭിത്തിശോഭിപ്പതു-
ണ്ടതാതിടമമന്നൊരക്കനകരേഖതൻ കാന്തിയാൽ
നിതാന്തഭസിതാഭമാം ഹരനെഴുന്ന നെററിത്തടം
പ്രതാന്തനയനാഗ്നിയാലൊളിവളൎന്നു മിന്നുന്നപോൽ.

29

ഒരുവരുമണയാതുയൎന്നു മന്ദം
കരിമുകിലാൽ മറവാണ്ടിരുണ്ടിരിക്കും
ഗിരിവരകടകത്തിലാൎത്തു കുത്തി-
ക്കരികുലമത്ര കളിച്ചു വാണിടുന്നു.

30

എണ്ണമററ മധുപാളി നിറഞ്ഞീ-
സ്സ്വൎണ്ണസാനുവിലെഴും തരുജാലം
വഹ്നിതന്നുപരി മേചകകാന്ത്യാ
മിന്നിടുന്ന പുകപോൽ വിലസുന്നു.

31

അരിയ ചെമ്പകപുഷ്പമണിഞ്ഞിടു-
ന്നൊരു സുവൎണ്ണതടം പെടുമദ്രിയാൽ
ഭരതഭൂമിലസിപ്പു സുമേരുവാം
ഗിരിനിമിത്തമിളാവൃതമെന്നപോൽ.

32

നവമണിപ്രഭ ചിന്നിടുമദ്രിത-
ന്നവയവങ്ങൾ ചരിപ്പതുപോലവേ
വിവിധരോമമെഴും പ്രിയകവ്രജം
ജവമൊടത്ര നടപ്പു നിരന്തരം.

33

കുംഭീന്ദ്രവൃന്ദമിഹ പൊയ്കകളിൽത്തിളങ്ങു-
മംഭോരുഹാവലി പറിച്ചു കളിച്ചിടുന്നു
അമ്പോടു കിന്നരനമത്ഭുതഗാനഭംഗ്യാ
തൻ പ്രേയസിക്കു കുതുകം ഹൃദി ചേൎത്തിടുന്നു.

34

തിരിച്ചുവന്നു ചേൎന്നിടാമൊരിക്കലെന്നു തന്മന
സ്സുറപ്പൊടും പ്രഭാവരൻ തമസ്സിലാണ്ടുമങ്ങവേ
പരന്റെ പീഡയെന്നിയെ കളത്രരക്ഷയേററപോൽ
പരം മഹൌഷധിവ്രജം സ്ഫുരിച്ചിടുന്നു രാത്രിയിൽ.

35

നേത്രങ്ങളാം സുമകുലേ മഷിയായ വണ്ടിൻ
ചാൎത്താശ്രുചേൎത്തു സുദതീവ്രതതീസമൂഹം
മാത്രാധികം കണവരാം തരുസഞ്ചയത്തിൽ
മുത്താൎന്നു കൈത്തളിരണച്ചു രമിച്ചിടുന്നു.

36

പാടുന്നുണ്ടപ്പക്ഷിവൃന്ദം കദംബം
പാടേപൂത്തുള്ളൊരിതിൻ കാനനത്തിൽ
ക്രൂടംവേഗാലഭ്രവും കാടുമൊട്ടു-
ക്കാടും മട്ടിൽ കാററുവീശുന്നു മേന്മേൽ

37

ശരിക്കാ ശാസ്ത്രജ്ഞൻ പറകിലുമഹോ മൂഢനണുവും
ധരിക്കാതുള്ളൊന്നായഘമകലുവാനൗഷധിയതായ്
സ്മരിക്കും മന്ത്രൗഘം ദ്വിജവരകുലംപോലവികലം
ഭരിക്കുന്നുണ്ടെന്നും നിധിഗണമിവൻ ഗ്രന്ഥതരമായ്.

38

* * * *
* * * *
* * * *
* * * *

39

വലുതായതമാലതാലമാ-
ന്നൊളിചേരുന്നിതിലുള്ള കാനനേ
പൊളിയല്ലൊരു വള്ളിപോലുമേ
തെളിയാതില്ല സുമപ്രജത്തിനാൽ.

40

പൃഥുലതരനിതംബം മേഖലശ്രീയുമെന്ന
ല്ലതുലരുചിവഹിക്കും ഗണ്ഡശൈലങ്ങളോടും
സുദതികൾവിലസുന്നു ദന്തജാലംസുരതാ-
ഞ്ചിതകടകമിവററാൽ തുല്യമാമൂർദ്ധ്വഭൂവിൽ.

41

ചാരുത്വമേറീടിന രൂപ്യദേശം
തോറും സ്ഫുരിക്കുന്നൊരു വജ്രജാലം
നേരററനീപ്പോളകൾ വർഷകാലേ
നീരിൻെറമേലെന്നവിധം ലസിപ്പൂ.

42

ഭർത്തൃസമാഗമസൗഖ്യമ-
തോർത്തുമയങ്ങി സ്വകീയ ജനതതിയേ
വിട്ടുതരുണികളിഗ്ഗിരി-
രാട്ടിൻപാദം സമാശ്രയിക്കുന്നു.

43

ക്രുട്ടംപെട്ടും മുളയിലാശ്ശുതറച്ചപഥരം
പൊട്ടീടുമെന്നു കരുതിച്ചമരീ സമൂഹം
ചട്ടററതൽസുഷിരനിർഗ്ഗത ചാരുഗീതം
കേട്ടുള്ളലിഞ്ഞവിധമുണ്ടിത നിന്നിടുന്നു.

44

ജലദാംപൊഴിച്ചവരമൌക്തികാഭമാം
ജലമിന്ദ്രനീലമണിഛന്നപൊയ്കയിൽ
വിലസുന്ന നല്ലമരിതന്റെ ചാറുപോൽ
നിലവിട്ടിരുണ്ട കിരണങ്ങളേൽക്കയാൽ

45

*　　*　　*　　*
*　　*　　*　　*
*　　*　　*　　*
*　　*　　*　　*

46

തചിട്ടാന്നിങ്ങുതിളങ്ങിടും പലമണിക്കൂട്ടത്തിൽനിന്നനപ [ഫം
തട്ടുംരശ്മികളാൽ ശശാങ്കകിരണം ഭേദിച്ചുശോഭിക്കവേ
മൊട്ടായുള്ളരവിന്ദപംക്തി“യിവനാമാർത്താണ്ഡ”നെ [ന്നായക
ത്തട്ടിൽപ്പാർത്തുവിരിഞ്ഞിടുന്ന വിപുലശ്രീചേർന്ന രാവി [ങ്കലും.

47

അങ്കത്തിൽനിന്നുചിതനാം പതിയോടുചേരാൻ
തങ്കൽജനിച്ചനദി മന്ദമഹോഗമിക്കേ
സങ്കീർണ്ണകീരകരുണാരവകൈതവാൽ നി-
ശ്ശങ്കംചലിച്ചചലവും കരയുന്നുനൂനം.

48

വിടപാളിയാൽത്തലകുനിച്ചുഷൽപദോ-
ല്ലൂടകാന്തിചേൎന്നതരുപംക്തിയേന്തിടും
തടഭൂമി വള്ളികളിൽനിന്നുവീണ പൂ-
മ്പൊടിയാൽ പിശംഗനിറമാൎന്നിടുന്നിതേ.

49

കുംഭീന്ദ്രനുള്ളണികരത്തിന് തുല്യമായി
ട്ടംഭസ്സിതിൻ മുകളിൽനിന്നു പതിച്ചിടുമ്പോൾ
ജൃംഭിച്ചുരത്നകിരണങ്ങളുമായിണങ്ങി
ജ്ജംഭാരികാർമ്മുകമുയൎത്തിയ കാന്തിയേൽപ്പൂ.

50

സുരതരുസുമജാല ചിത്രകാന്ത്യാ
സുരുചിരമായൊരു മാലപോൽ കലാപം
വിരവൊടുവിലസും മയൂരമാകും
വരമകുടം ഗിരിമൂർദ്ധ്നി ചാൎത്തിടുന്നു.

51

മന്ദരപൎവ്വതമേറി
ക്കിന്നരസംഘം സുഖിച്ചുവാഴുമ്പോൽ
സുന്ദരിമാരോടുകൂടി-
ച്ചേൎന്നു ജനൗഘം രമിപ്പതുണ്ടിതിലും.

52

മാടപ്രാവിൻഗളമൊടെതിരാം മേഘവൃന്ദം സമത്താൽ
മൂടിപ്പാരംപ്രഭയെഴുമിതിന്നുള്ളിലോട്ടന്നകണ്ടാൽ
കോടിപ്പട്ടാലൂടനടൽ മറച്ചങ്ങകിൽകട്ടികത്തി
ച്ചീട്ടററീടും പുകതനുവിലേയ്ക്കുന്നതായ് തോന്നുമാക്ഷം.

53

നഗമൗലിവിചിത്രരത്നകാന്ത്യാ
ഗഗനത്തിങ്കലഭിത്തി ചിത്രജാലം
മികവോട്ടരചിച്ച ദേവകൾക്ക
ള്ള കതാരത്ഭുതമഗ്നമാക്കിടുന്നു.

54

മരുത്തിനാൽശ്ശീതളമായമൂർദ്ധ്നിസ-
ഞ്ചരിപ്പു:പക്ഷംക്കളിരേകിയിന്നിവൻ
ഭരിച്ചിട്ടന്നു ജലമററനീരദോ-
ല്ക്കരം തിരശ്ശീലകണക്കസർവ്വദാ.

55

മൈത്ര്യാദിചിത്തഗുണമൊക്കെയറിഞ്ഞുഖേദം
പൂർത്ത്യാവെടിഞ്ഞിഹ വരിച്ചസബീജയോഗം
സത്വംപുമാനിവയിൽനിന്നുകടന്നതത്വം
ബോധിച്ചയോഗികളുമും വെടിയാൻശ്രമിപ്പൂ.

56

തരുണാൎക്കരശ്മി ഹരിദശ്മഭ്രമിയിൽ
ത്തരുപാളി തന്നിടയിലൂടണഞ്ഞുടൻ
ചെറുരേണുജാലമൊടുചേൎന്നു നമ്രമാം
വരബൎഹികണ്ഠരുചിതേടിടുന്നഹോ.

57

* * * *
* * * *
* * * *
* * * *

58

മതികിരണമലിക്കും ചന്ദ്രകാന്താംബുതന്നിൽ
ചിതമൊടുനിശിമുങ്ങിപ്പിമ്പഹോവാസരത്തിൽ
കതിരവമണിചിന്തുന്നഗ്നിയാൽ തപ്തമായും
ധൃതിയുടെനിലതേടീടുന്നതുണ്ടീനിതംബം.

59

സദാധികപയഃ ശ്രീയാ തെളിവിയന്നപത്മാകരം
സദാഗതിഭവപ്രഭാവമതിനാൽപരം ക്ഷുബ്ധമായ്
നിതാന്തമിഹരാമലക്ഷ്മണസമന്വിതം മിന്നിടു
ന്നിതാദ്യകവിതൻ മഹാവചനമെന്നപോൽ ശ്രേഷ്ഠമാ
[യ്

60

കളഭകുലങ്ങടെനാദം
കളഗംഭീരം മുഴങ്ങിട്ടുന്നെങ്ങും
കളധൗതാഞ്ചിത ഭൂവിൽ
കളിയാടുന്നൂ തെളിഞ്ഞുചമരിമൃഗം.

61

* * * *
* * * *
* * * *
* * * *

62

മിത്രബിംബമളവേമറച്ചിരു
ട്ടെത്രയും ഭുവിവളത്തിവാരിദാ
രാത്രിയെന്നനിനവേകിവാസരേ
ചേത്തിടുന്നുകുതുകം യുവാക്കളിൽ.

63

മൃദുമലർനിരയാൽ നമിച്ചവൃക്ഷം
മദകരിവന്നുതകക്കവേ ഫണീന്ദ്രൻ
ഹൃദിനിജസദനം പൊടിപ്പതോത്തി-
ട്ടധികരുഷാഗരളാഗ്നിതൂകിടുന്നു.

64

പ്രാലേയത്താൽകുളിരെഴുമഗംതന്നിലീടാർന്നൊരാന-
ത്തോലേന്തിത്താൻപരമശിവനും പള്ളികൊള്ളുന്നപാ
[ത്താൽ
കാലംനോക്കാതനിശമൃതുവങ്ങാറുമൊന്നിച്ചുവാഴും
ശൈലേന്ദ്രങ്കൽ കൃപണനമലംസൗഖ്യമായ് മേവിടുന്നു.

65

സ് ഫടികശിലകളെങ്ങും തിങ്ങിയും മദ്ധ്യഭാഗം
വിടപിനിരകൾമൂലം ശ്യാമമായുംവിളങ്ങും
കടക,മരഗകാഞ്ചീയുക്തനായ് ഭസ്മമേററം
തടവിവിലസുമീശൻതന്നൊടൊപ്പംലസിപ്പൂ.

66

തീരംചേർന്നുവിടർന്നുലഞ്ഞുവിലസും രാജീവസംഘങ്ങ-
[ളാൽ
പാരംശോഭകലർന്നദീർഘികകളിൽ സ്നാനംകഴിച്ചങ്ങിനെ
ചേരുംവാസരഖേദമാററിമധുപാനത്താൽ മദിച്ചനപ്ഫം
സൈപരംയാദവർകാന്തമാരൊടുമിതിൽ ക്രീഡിച്ചുവാഴു-
[ന്നിതേ.

67

പശ്ചാൽഭാഗത്തുനിന്നും ദിവസകരകരംതൻപുരോ-
ഭാഗമോളും
സ്വച്ഛശ്രീദർപ്പണത്തിൻ പ്രഭതടവിടുമഭിത്തിയിൽ
ചെന്നുതട്ടി
സ്വച്ഛന്ദംവന്നമന്ദം കനകഗൃഹയണഞ്ഞങ്ങുലീലാ-
രസത്തിൽ
മെച്ചംനോക്കാൻതുടങ്ങും തരുണികളിലലംലജ്ജചേ
ർക്കുന്നുചിത്രം.

68

കാമപാലരുചിരാംബരത്തിനുസമാനമായ് പരിലസി
[ച്ചിട്ടും
ശ്യാമമേഘനിരയാശ്ശുഗൻപരമുയൎത്തുകല്ലിതുനിനക്കി
[ലോ
സീമയററമഹിമാവെഴുന്ന ഭവദാഗമം സപദികാൺക
[യാൽ
ശ്രീമണാള! തവസൽകൃതിക്കു ഗിരിരാജരത്നമെഴുന്നേല്ക്കു
[യാം

# അഞ്ചാംസൎഗ്ഗം

1

മോദം പ്രിയാസദൃശമേകിയസത്യമെന്യേ
സൂതൻ കഥിച്ച മൊഴിയിങ്ങനെ കേട്ടശേഷം
ചേതോഹരം വിപിനമാം വസനം ധരിച്ച
ധാത്രീധരേ ഹരി രമിപ്പതിനാഗ്രഹിച്ചു.

2

മന്നാകെ വിസ്തൃതിനിമിത്തമഹോ മറച്ചു-
മന്നമ്രമായ് കദളികാവനപംക്തിചേൎന്നും
അന്യാദ്രിപോൽ പടനടന്ന കരീന്ദ്രതുല്യാ
മിന്നുന്ന ശൃംഗമെഴുമദ്രിയെ നോക്കിവേഗം.

3

ഭാസ്വൽകരം പതികകൊണ്ടു നിജാംബരാന്ത-
മങ്ങുല്ലസിച്ചതു ജനാവലി കാൺകയാലെ
മന്ദാക്ഷമാൎന്നവിധമഷ്ടഗളാഭചേരും
സൈന്യോത്ഥമാം പൊടിയിലാശകളങ്ങൊളിച്ചു.

4

വമ്പിച്ചിട്ടും ചുഴികൾമുത്തരുളുന്ന ശുക്തി-
സമ്പന്നദേവമണിയൂർമ്മികളെന്നിതെല്ലാം
അമ്പോടിണങ്ങിയ തുരംഗമസങ്കുലങ്ങ-
ളംഭോധിപോലവിടമൊക്കെ നിരന്നിതപ്പോൾ

5

കുംഭോപകണ്ഠപതിതം സൃണി ക്രൂസിടാതെ
കുംഭിപ്രവീരകുലമാർത്തു വിരണ്ടുപാഞ്ഞും
തൻഭാരമാശ്ശുപൊടിയെക്കരഭം കുതിച്ചും
കമ്പം പരസ്പരമണച്ചു ഗമിച്ചു മാർഗ്ഗേ.

6

മിന്നുന്ന ചാമരമുലച്ചു കുതിച്ചു വാഹം
നന്ദ്യാ നടപ്പതുമിഭംമിഴിയൊട്ടു മൂടി
മന്ദംഗമിക്കുവതുമാളുകൾ കണ്ടു വാഴ്ത്തി;
നന്നാണിണക്കമിയലുന്നൊരു ചേഷ്ടയാർക്കും.

7

ദന്താവളപ്രവരരാൽ ഖരമങ്ങു പേടി-
ച്ചന്തഃപുരാംഗന നിലത്തു പതിക്കുവോളം
സ്വാന്തത്തിലാർക്കുമതിഹാസമുദിച്ചിട്ടും മ-
ട്ടന്തം കവിഞ്ഞിളകിയോടി നടന്നിതെങ്ങും,

8

ഓട്ടം രഥങ്ങളുടെ ചക്രമടിച്ചുരഞ്ഞു
കൂട്ടുന്ന കല്ലൊടി വഹിച്ചവനീപരാഗം
കേടററ ധൂമ്രരുചിപൂണ്ടു പയോദചക്ര-
ധാടികൾ പുഷ്കരമണഞ്ഞതുലം തെളിഞ്ഞു.

9

പാരം പടൻ വഴിയൊക്കെ നിരന്നുനില്ക്കും
പാറപ്പുറം തുരഗവൃന്ദഖുരാഭിഘാതാൽ
പാരാതെ തീപ്പൊരിചൊരിഞ്ഞഥ ദർദ്ദുരത്തിൻ
നേരായ ശബ്ദമുളവാക്കി മുഴക്കിയെങ്ങും.

10

ചേരും നടപ്പമിതവേഗത മന്ദയാനം
ചേരുന്ന ദണ്ഡമിവയൊക്കെയറിഞ്ഞ സൂതൻ
നേരേ നയിക്കുമളവർദ്ധപുലായിതം വൃ-
ന്ദാരട്ടജാശ്വമതിമോഹനമായ് നടന്നു.

11

സൈന്യങ്ങളാലചലരാജനിൽനിന്നു പൊങ്ങി-
ത്തന്വംഗിമാർനയനപക്ഷ്മമലങ്കരിച്ചും
നന്നായ് നഭസ്സിനു കുതിച്ചുയരുന്ന പാംസു-
വൃന്ദങ്ങളാലഖില ദിക്കുകളും മറഞ്ഞു.

12

ഒന്നിച്ചുപോയ നൃപരാത്മരിപുക്കളേപ്പോ-
ലന്നാ ഹരിപ്രവരരെക്കൊലചെയ്തശേഷം
കൊന്നോരു കുംഭിയുടെ മുത്തു നഖത്തിൽനിന്നും
ചിന്നിത്തെളിഞ്ഞ ഗുഹ പുക്കു രമിച്ചു മോദാൽ.

13

ലാക്ഷാരസാൽകപിശമാകിയ പിഞ്ഛമാലാ-
ഭൂഷാഞ്ചിതം ധ്വജമണഞ്ഞു പതാകപോലെ
താർക്ഷ്യൻ ഫണീന്ദ്രനെ വഹിച്ചുമരുന്നതന്യ-
രീക്ഷിച്ചുചെന്നു ഹരിതന്നരികത്തു വാണു.

14

നീക്കംവരും നിഴൽ വെടിഞ്ഞവരന്നു മേന്മേൽ
വീക്കുന്നതായ തരുതൻ തണലാശ്രയിച്ചു;
തല്ക്കാലമുള്ള ഗുണമൻപൊടുതള്ളിയും മേൽ
വായ്ക്കും ഗുണത്തിനു ജനങ്ങൾ കൊതിച്ചിടുന്നു.

15

താൻമുമ്പുചെന്നു കുടികൊണ്ട ഗൃഹം പിടിക്കാൻ
ചെമ്മേവരുന്ന ഭടരേ തടയുന്നതിന്നായ്
മിത്രങ്ങൾ മററുവഴിപോവതു കണ്ടൊരുത്ത-
നാർത്ത്യാ പരം കരമുയർത്തി വിളിച്ചിടുന്നു.

16

അമ്പിൽ സുധാസദൃശമാക്കുമെഴും ക്ലമം തീ-
ൎത്തമ്പോടു തത്ര വളരുന്ന വനസ്പതീന്ദ്രർ
കൊമ്പിൽത്തെളിഞ്ഞ വസനാഭരണാൽ ഫലൗഘ-
സമ്പത്തെഴും ത്രിദിവപാദപശോഭ തേടി.

17

ദൂരത്തു സേവകരൊഴിച്ച ജനങ്ങൾ രാജ്ഞി-
മാരങ്ങിറങ്ങുമളവിൽത്തരസാ നിചോളം
വേറാകയാൽ സപദി തൻമുഖകാന്തിയല്പ-
നേരംനുകൻ ഭയകൗതുകമാൎന്ന കണ്ണാൽ.

18

കഞ്ചേതരം മഹിഷിമാരധികാരിമാർ തൻ
കണ്ഠംപിടിച്ച തുരഗങ്ങളിൽ നിന്നിറങ്ങി;
തീണ്ടീല ശുദ്ധതകലൎന്ന കപോലമെന്നാ-
ലുണ്ടായവൎക്കു പരിരംഭണസൗഖ്യമല്പം.

19

പീലിക്കു നാണമുളവാക്കിയടിക്കൊരുത്തി
മാലാഭിരാമകബരീഭരമേന്തി നില്ക്കേ
സാലാഗ്രമാൎന്ന മയിലോടിയൊളിച്ചു; ജന്യ-
ശീലക്കതീതഗുണസംഗമസഹ്യമത്രേ.

20

വിണ്ണിൽത്തൊട്ടുംപടിയുയൎന്നൊരു വംശകേതു
തിണ്ണം വഹിച്ചുമളവററിഹ നീളമാൎന്നും
സ്വൎണ്ണാഭചേൎത്തവിടെയും ഗിരിപാദമെന്ന-
വണ്ണം ശതാങ്ഗനിരയേററവുമുല്ലസിച്ചു.

21

ഉത്തുംഗമായരിയ ഗൈരികഹാരകാന്തി
വീൎത്തങ്ങു വിശ്രുതവിഭൂതിവിടാതണിഞ്ഞും
എത്തും ദ്വിപാവലി നൃപാലനിവാസഭൂമി-
ക്കത്യന്തമാഭ പടവീടിനൊടൊപ്പമേകി.

22

വാടാതെ ജാലകവഴിക്കു കടന്നുചെന്നു
ചൂടാകെ നീക്കിയരുളും ചെറു കാററുമേററു
കൂടാരമാൎന്ന നരനാഥനതാംഗിമാരു-
ല്ലീഢാഭിരാമതൃണശയ്യയണഞ്ഞുറങ്ങി.

23

ശാതോദരീമണിയൊരുത്തി വളൻദിക്കും
സ്വേദാംബുവാൽ തനുവിലങ്ങനെ പററിനില്ക്കും
പൂതാഭമാം നിജ റവുക്കയഴിച്ചനേരം
സ്ത്രീതാനമോദപുളകാങ്കിതരായ് യുവാക്കൾ

24

അക്കാലമങ്ങണയുവോക്കഖിലക്കുമെങ്ങും
നില്ക്കാൻ തരത്തിനു വണിക്കുകൾ നാലുപാടും
പൊക്കൎത്തിലക്കടകൾ തീൎത്തു വിശിഷ്ടവസ്തു-
വൊക്കെ ക്രമത്തിനു നിരത്തി നിതാന്തരമ്യം.

25

തീരെച്ചുരുങ്ങിയ ഫലത്തിനതീവ യത്നി-
പ്പോരക്കുറുന്തടി തുടങ്ങിയ ശസ്ത്രമോടെ
നേരിട്ടുപോതടവിവിട്ടണയും ശശത്തെ-
പ്പാരാതെ കാത്തൊരുവനേറെ യശസ്സുനേടി.

26

ശസ്ത്രത്തൊടാരുമണയാതെയുമന്നു ചുററും
വൎത്തിച്ചുമാനുകൾ വിരണ്ടുഗമിച്ചതെന്തേ
ശ്രുത്യന്തമാൎന്ന നയനേഷുവിനാൽ തദീയ-
നേത്രാഭമുഗ്ദ്ധകൾമടിച്ചൊരു ഹേതുവാലൊ?

27

തല്ക്കാലമാൎന്ന ചില പണ്ടമണിഞ്ഞു മോഹം
വായ്ക്കുന്ന വേഷമൊടു വേശ്യകൾ, ആൎത്തരായി
ചിക്കെന്നു പാന്ഥരണയുമ്പൊഴുതാദരിച്ചു
ചൊൽക്കൊണ്ടശയ്യയിലണച്ചു വശീകരിച്ചു.

28

വസ്ത്രം തുകച്ചുഥ കുളിച്ചു, ജലം കുടിച്ചു,
ചാൎത്തീ വിടൎന്നകമലം, ബിസമാസ്വദിച്ചു,
ഇത്ഥം നഗേന്ദ്രനദികൾക്കു നിരൎത്ഥകത്വ-
വാൎത്താവമാനമുളവായതൊഴിച്ചു സൈന്യം.

29

വെള്ളത്തിലാംബുജവിലോചനമാർ തുടിക്കെ-
ത്തുള്ളും മുലത്തടമതാസ്തൃതടഞ്ഞു മാൎഗ്ഗം
പൊക്കിൾക്കയം രയമൊഴിച്ചു, നിതംബസേതു-
വൃക്കിൽത്തട്ടുത്തു, നദി മന്ദമഹോ ഗമിച്ചു.

30

നീണ്ടുള്ള നിശ്വസനവേളയിലുത്തമാംഗം
പൂണ്ടോരു രത്നനികരം നിരസിച്ചിട്ടുംപോൽ
വേണ്ടുംവിധം സലിലമാനകൾ തൻ കരാഗ്രം
കൊണ്ടേന്തി മേനിയിലൊഴിച്ചു കുളിച്ചു തുഷ്ട്യാ.

31

വാരാശിയിൽ ചിലതൊളിച്ചതു പോകെയിന്ദ്ര-
ഘോരായുധേന ചിറകറ്റൊരു പൎവ്വതങ്ങൾ
നീരാടുവാൻ കമലിനിക്കു ഗജസ്ഥലത്താൽ
പാരാതെപോയ് കൊടിവിരിപ്പിവയൊന്നുമെന്യേ.

32

അംഭസ്സിലെത്തിരകളിൽത്തരസാന്നിജാംഗം
ബിംബിച്ചനേർക്കണവതങ്ങനെകണ്ടനേരം
വമ്പൻഗജം പരനടർക്ക വരുന്നുവെന്നായ്
കമ്പംവിനാ ഝടിതിയോടിയതെത്രയുക്തം

33

തള്ളാനുമന്യമദഗന്ധമെഴുന്ന നീരം
കൊള്ളാനുമേതുമരുതാതെ രുഷാ ഗജേന്ദ്രൻ
തുള്ളുന്നകണ്ടു കലശങ്ങൾ കരത്തിലേന്തി
വെള്ളത്തിനെത്തിയ ജനാവലി നിന്നുപോയി.

34

| | | | |
|---|---|---|---|
| * | * | * | * |
| * | * | * | * |
| * | * | * | * |
| * | * | * | * |

35

ഗണ്ഡസ്ഥലങ്ങളൊടു ചേൎന്നു മദാൎത്തി തീരും
വണ്ണം കരിപ്രവരരമ്പൊടുകാശ തുല്യം
കൎണ്ണംവരേ കരതലേന ചൊരിഞ്ഞ വെള്ളം
കണ്ണിന്നു ചാരുസിതചാമര ഭംഗി നൽകി.

36

ദന്തിപ്രവീരനപരാനിലനോറു കോപം
ചിന്തിപ്പുയഃ കബളമാശു കളഞ്ഞു ദൂരെ
താന്താൻ തടത്തിനു കുനിഞ്ഞഥ കുത്തിടുമ്പോാൾ
ദന്തം തറച്ചുടിപറിഞ്ഞു മറിഞ്ഞുവീണു.

37

ദാനാർദ്രനെങ്കിലുമനല്പ ഗുണങ്ങളെല്ലാം
താനേ ജളാവൃതനെ വിട്ടൊഴിയുന്നപോലേ
പീനങ്ങളാം കരികൾ മുങ്ങിടവേ കപോല-
സ്ഥാനം വെടിഞ്ഞളികളൊക്കയുമുല്പതിച്ചു.

38

വസ്തുക്കളോടു കലരാതെ ഗുണങ്ങളൊന്നും
പ്രത്യക്ഷമല്ല പുനരെങ്കിലുമംബുമഗ്നാൽ
മത്തേഭഗണ്ഡമളിരാജി വെടിഞ്ഞു വേറായ്
കത്തും തദീയരുചിപോൽ മുകളിൽത്തിളങ്ങി.

39

* * * *
* * * *
* * * *
* * * *

40

നന്ദ്യാ കുളിച്ചുടലിലുല്പലപത്രമേന്തി
മന്ദം കരയ്ക്കുകയറുന്ന കരീന്ദ്രവൃന്ദം
തന്ദാനബിന്ദു നികരത്തെ വഹിച്ചു ഭാഗി
ചിന്നുന്ന വാഹിനികൾ തന്നുടെ കാന്തിയേന്തി.

41

രുട്ടുള്ളിൽവാച്ചപരനോടണയുംഗജേന്ദ്ര-
നൊട്ടേറെ രക്തമൊഴുകുംപടിയേററ ശസ്ത്രം
കൂട്ടാക്കിടാതെ നടകൊണ്ടു, പരന്നധീന-
പ്പെട്ടീടുകില്ല മരണംവരയും മഹാത്മാ.

42

യന്താവരണ്യ ഗജഗന്ധമെഴും മരത്തിൽ
ബന്ധിപ്പതിന്നു പണിചെയ്കുതു വന്ധ്യമാക്കി
ദന്താവളം മരവുമാശു തകൎത്തിതന്യ-
ഗന്ധത്തെയും മനസി മാനി സഹിപ്പതില്ല.

43

കാട്ടാന തൻ കവിളുരഞ്ഞിഹ ദാനഗന്ധാ
തട്ടുന്ന മാമരമിഭങ്ങളൊടിക്കയാലെ
വാട്ടം കലൎന്ന കുസുമങ്ങളെ വിട്ടു വണ്ടിൻ
കൂട്ടം മരണ്ടു നടകൊണ്ടിതുടൻ വിശങ്കം.

44

പൊക്കം പൊട്ടും തരുതലത്തിലടങ്ങിടാതെ
നില്ക്കും ഗജം നിജ വിപത്തിന്നു നേതൃവാക്യാൽ
ചിക്കെന്നൊടിച്ചു തരുശാഖ, മദാന്ധരുണ്ടോ
നോക്കുന്നു തങ്ങടെ ഹിതാഹിത കർമ്മഭേദം?

45

നീലാരവിന്ദനിറമായ് ചില നാഗമഗ്നി-
ജ്ജ്വാലാതപത്തൊടു സമം ജലശീകരൗഘം
വേലാധികം ചൊരിയവേ ഹരിചന്ദനത്തിൽ
ചാലേ തറച്ചുപരനാഗമൊഴിച്ചു ലോകം.

46

കുണ്ഠേതരം കരി കപോലമമർത്തുരയ്ക്കു
കൊണ്ടേററവും മദസുഗന്ധമെഴും മുരട്ടിൽ
വണ്ടിന്ദ്രനീല രുചിപൂണ്ടമരും ദശായാം
കണ്ഠേഗുണം തരുകുലത്തിന്നു ലബ്ധമായി.

47

തോട്ടികൾപോലുമമരാതെ കുതിക്കുമാന-
ക്കുട്ടിക്കെഴും വികൃതി വിശ്രുതനായ പാപ്പാൻ
പെട്ടെന്നൊഴിച്ചു നിജ പാട്ടിലടക്കി ശാസ്ത്ര-
ദൃഷ്ട്യാ ചരിപ്പവനസാദ്ധ്യതയെന്നതുണ്ടോ?

48

സ്തംഭം വലിപ്പമിയലുന്നതൊഴിച്ചു ദാന-
മംഭസ്സണിഞ്ഞൊരുകരാഗ്രമൊടേകിയേററം
ചുററും വളൎന്ന നിജ ബന്ധമകററി വേഗാൽ
മുററും സ്വാതന്ത്ര്യതകലൎന്നു കരേണുരാജൻ.

49

ഗംഭീരവേദി മദവാരണരാജനക്ഷി-
കൂമ്പി സ്വഹസ്തിപകശാസന കൂസിടാതെ
മുമ്പിൽ കിടന്ന കബളങ്ങൾ വെടിഞ്ഞു നിന്നാൻ
വമ്പുള്ളവൻ കലഹസാദ്ധ്യകനല്ല നൂനം.

50

തന്നന്തികത്തിലമരുന്ന കരേണു തന്നിൽ
ചെന്നീല മാനസമടുത്തെഴുമിക്ഷുകാണ്ഡം
തിന്നീല വാരണവരൻ ഹിതമൊത്തു കാട്ടിൽ
മുന്നം ചരിച്ച സുഖമുള്ളിൽ നിനയ്ക്കയാലെ.

51

ഉത്തുംഗമാം ഗജമനാദരവാൽ ശിരസ്സ്
താഴ്ത്താതെ നിന്നളവു തീററി കൊടുത്തിടുന്നോൻ
കൈത്തണ്ടിൽ നെയ്യൊഴുകുമാറു ചമച്ച പിണ്ഡ-
മത്യന്തയത്നമൊടുയൎന്നൊരു മട്ടിലേകി.

52

വെൺപട്ടിനാലൊളിയെഴും പടവീടു ചുററി
വമ്പിച്ച വാരണവരാളി വളഞ്ഞു നില്ക്കേ
സമ്പൂർണ്ണശാരദ ശശാങ്കനു നാലുപാടു
മമ്പോടുദിച്ച പരിവേഷ പരാഭതേടി.

53

ഒട്ടേറെ നേരമതിവേഗമൊടോടി ജീനി-
ക്കെട്ടിൻെറ പാട്ടിലുളവായ വിയർപ്പുശേഷം
തട്ടിട്ടാന്ന ഫേനനിരയായ് തെളിയുന്നൊരശ്വ-
ക്കൂട്ടത്തെയാളുകൾ നയിച്ചിതു വെള്ളനാത്ഥം.

54

പ്രീണിച്ച ബാൽഹികഹയം തലതാഴ്ത്തി മന്ദം
ഘ്രാണിച്ച നേരമനിലോദ്ധൃത പാംസുജാലം
ഭൂമിക്ക തത്തനുവണഞ്ഞ സുഖാലുദിച്ച
രോമാഞ്ചമെന്നവിധമങ്ങനെ പൊങ്ങിയെങ്ങും.

55

സ്വർണ്ണസ്ഥലങ്ങളിലുരുണ്ടഥ മെയ് കുടഞ്ഞു
തൂർണ്ണം സടാവലി വിടത്തിയ വാജിവൃന്ദം
തിണ്ണെന്നു തീപ്പൊരികൾപോൽ തെളിയുന്ന തേജഃ-
ഖണ്ഡം കണക്കുടയ ധൂളികളാൽത്തിളങ്ങി.

56

വർദ്ധിച്ച ശക്തിയൊടുടൻ കടിഞ്ഞാൺവലിക്കെ-
പ്പാത്തട്ടിലഭ്ഭടനെ വീഴ്ത്തുവതിന്നൊരശ്വം
മൂർദ്ധാവു മുൻ കരമൊടങ്ങനെ പൊക്കിനിന്നി-
ട്ടർദ്ധോദിതാരുണതുരംഗമ കാന്തി കാട്ടി.

57

ശ്രീചേൎന്നു വിണ്ണവർകണക്കനിമേഷരായി
നോക്കുംജനത്തിന്നിടയിൽകുളിയാൽത്തിളങ്ങും
ഉച്ചൈസ്തരാശ്വമടനാഴിയിൽ നിന്നുദിച്ചോ-
രുച്ചൈശ്രവസ്സിനുടെ ഭംഗി വഹിച്ചു നിന്നു.

58

പുല്ലുങ്ങു തിന്നുമളവശ്വമതിൻ കഴുത്തി-
ലുല്ലോലമാം മണികൾ തന്നുടെ നാദഘോഷം
പല്ലിൻ നിനാദമൊടു ചേൎന്നുകറച്ചുറങ്ങു
ന്നെല്ലാ നരേന്ദ്രവരരേയുമുണൎത്തി വേഗം.

59

കെട്ടുന്ന കുററി കയറോടുതകൎത്തു തെറെറ-
ന്നോട്ടംതുടങ്ങി മദമത്ത തുരംഗമേകം
പെട്ടെന്നു പെൺകുതിരയെന്നു നിനച്ചു ലായ-
മൊട്ടുക്കിളക്കിയിതരാശ്വമനുദ്രവിച്ചു.

60

പ്രത്യേകമായ് ചില നടത്തകൾ മേലിലുണ്ടാം
യുദ്ധാദികൾക്കുചിതമായവ ശീലമാക്കാൻ
ഏത്താരുറച്ചു തുരഗത്തെനയിച്ചു നന്നെ
പ്രാപ്തൻഭടൻ, നവ വിധാഞ്ചിതവീഥിതോറും.

61

ചുറ്റും നടന്നു തൃണജാലമശിച്ചു കാലിൽ
ചുറ്റിത്തടഞ്ഞ പടമണ്ഡപപാശമോടെ
ചുറ്റും ഹയങ്ങൾ ഭടരാശു തടുക്കവേ കാൽ
കുറ്റിക്കു പെട്ടിടറി ലായമണഞ്ഞു വീണ്ടും.

62

പുല്ലിൻഘനം മുതുകിൽ നിന്നൊഴിവായി പക്ഷേ-
യുള്ളിൽക്കടന്നവയിൽ നിന്നുളവായ ഭാരാൽ
മെല്ലെക്കിടന്നു തരുതൻ തണലിങ്കലക്ഷി
തെല്ലൊന്നടച്ചുയവിറക്കി മഹോക്ഷജാലം.

63

മൺകട്ടയഗ്രഭുവി ചേർത്തു ശിഖാഗ്രമാർന്നോ
രങ്കം പെട്ടും ചെറുശശാങ്കനെ വെന്നകൊമ്പാൽ
ഹുങ്കാരമോടിതരർ തൻ ശിഖരം തകർത്തു
വൻക്രൂരരാറു കരകുത്തിയിടിച്ചു മോദാൽ.

64

ഏററം തടിച്ചമിത കാമമോടോടിയെത്തും
മാററാരെയൻപോടു മടിച്ചരിപീഡയെന്യേ
മററും വിശാലതരമായ വിഷാണമേന്തി-
ക്കൂററൻ നടന്നു പശുതന്നുടെ പിന്നിലൂടെ.

65

നീണ്ടെത്രയും സഫലമാകിയ കണ്ണുനാളം
പൂണ്ടുള്ളൊരൊട്ടകഗണം തല തത്ര പൊക്കി
കൊണ്ടൽക്കുലം തടവിമാമരപംക്തിതോറും
കണ്ടോരു സദ്രുചിയെഴും തളിരാസ്വദിച്ചു.

66

നന്ദിച്ചശിച്ച പിചുമന്ദപലാശ ജാല-
മൊന്നിച്ചു തൊണ്ടയിലണഞ്ഞ രസാലപത്രം
മുന്നം നിഷാദകുലമോടിടചേൎന്ന വിപ്രൻ
തന്നെ ഖഗേന്ദ്രനതുപോലെ വമിച്ചിതുഷ്ട്രം.

67

വെളിയിലധിവസിക്കും ഭൃത്യവൎഗ്ഗങ്ങളെല്ലാം
തെളിവിലറിവതിന്നായ് ഭൂപചേഷ്ടാവിശേഷം
കളരവമൊടു ശാബ്ദാൎത്ഥാനുസാരേണ ഭോഗാ-
വലികളതിമനോജ്ഞം പാടി വൈതാളികന്മാർ.

68

ഇരുണ്ടഗജവൃന്ദവും പരമുയൎന്ന ശോണാഭമായ്
പരന്നപടമണ്ഡപാവലിയുമൊത്തു ശോഭിപ്പതാം
മുരാന്തക നിവേശകം പരിലസിച്ച സന്ധ്യാംബുദം
നിറഞ്ഞു ശബളാഭമാം ഗഗനമെന്നപോലേററവും.

69

പാരാകെപ്പുവ്തോദ്ധാരകനിതി പുകഴ്പെററു-
ള്ളൊരങ്ങെന്നെയെന്താ-
ണാരാൽ ശ്രീകാന്ത! താഴ്ത്തുന്നതിന്നു തുനിയുവാനെന്നു ഗോവിന്ദനോടായ്
ധാരാളം സൈന്യമേന്തും ഗിരിവരനരചെയ്തീടിനാൻ കാട്ടുവൃക്ഷം
നീരാളും കുംഭിവൃന്ദാ ഝടിതിപൊടിപെട്ടുത്തുന്ന ശബ്ദമഖലത്താൽ.

ശുഭം.

# ശുദ്ധിപത്രം

| പുറം | പദ്യം | അബദ്ധം | സുബദ്ധം |
|---|---|---|---|
| 26 | 27 | ലാക്കിന്നഷു | ലാക്കിന്നിഷു |
| 34 | 59 | മിത്രൻ | മാത്രൻ |
| 64 | 58 | രമിച്ചു | രചിച്ചു |
| 65 | 63 | മധുരമൊഴി | മധുമൊഴി |
| 72 | 7 | ഗുണം | ഗണം |
| 76 | 23 | രേന്നപോൽ | രെന്നപോൽ |
| 78 | 29 | ഗരി | ഗിരി |
| 80 | 36 | പൂത്തുള്ളൊ | പൂത്തുള്ളോ |
| 87 | 67 | തൻപുരോ | തൽപുരോ |
| ടി | ടി | രസത്തിൽ | രസത്തിൻ |
| 96 | 30 | പോംൽ | പോൽ |

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00003960*
T61 S58

# ഭാഷാമാഘലം

കെ. ശങ്കരവാരിയർ.

T61
S58

Indic Digital Archive Foundation
gpura.org